2025 FEBRUARY
26
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# അമേരിക്കയുമായി ധാതുകരാറിൽ യുക്രെയ്ൻ ഒപ്പിടും; സൈനിക സഹായത്തിനു പകരം പ്രകൃതി സമ്പത്ത്



**വാഷിങ്ങ്ടൺ:** അമേരിക്കയുമായുള്ള ധാതു കരാറിൽ യുക്രെയ്ൻ ഒപ്പിടും. യു.എസ്. പ്രസിഡന്റ് ഡോണാൾഡ് ട്രംപും, യുക്രെയ്ൻ പ്രസിഡന്റ് സെലൻസ്കിയും തമ്മിൽ വെള്ളിയാഴ്ച കരാറിൽ ഒപ്പിടും. നൽകിയ സൈനിക സഹായത്തിന് പകരമായി, യുക്രെയ്നിന്റെ പ്രകൃതി സമ്പത്തിൽ 500 ബില്യൺ ഡോളറിന്റെ അവകാശം അമേരിക്ക ചോദിച്ചിരിക്കുന്നത്. യു.എസ്. പ്രഖ്യാപിച്ച സഹായത്തിൽ നിന്നുള്ള സഹായം വളരെ കുറവായെന്നും, ആവശ്യമായ സുരക്ഷാ ഉറപ്പുകൾ കരാറിൽ ഇല്ലാത്തതായും അറിയിച്ച് ധാതു കരാറിന്റെ മുൻ കരട് ഒപ്പിടാൻ സെലൻസ്കി വിസമ്മതിച്ചിരുന്നു. പുതുക്കിയ കരാറിലാണ് ഇരുരാജ്യങ്ങളും ഒപ്പുവയ്ക്കുക. ധാതുക്കളും ഹൈഡ്രോകാർബണുകളും എന്നിവയുടെ ഖനനത്തിനും മറ്റുമായി യു.എസ്.യും യുക്രെയ്ൻവും പുനർനിർമ്മാണ നിക്ഷേപഫണ്ട് രൂപീകരിക്കും.

കരാറിന്റെ നിബന്ധനകൾ പ്രകാരം, അമേരിക്ക യുക്രെയ്നിന്റെ ധാതുക്കളിൽ നിന്നുള്ള വരുമാനം ശേഖരിക്കുകയും, പുനർനിക്ഷേപം നടത്തുകയും ചെയ്യും. സുസ്ഥിരവും സാമ്പത്തികമായി അഭിവൃദ്ധിയുള്ളതുമായ യുക്രെയ്നിന്റെ വികസനത്തിന് അമേരിക്ക ദീർഘകാല സാമ്പത്തിക പ്രതിബദ്ധത നൽകും. ധാതു ഇടപാടിന് പകരമായി, യുക്രെയ്നെ എന്ത് ലഭിക്കും?' എന്ന ചോദ്യത്തിന്, ഇതുവരെ നൽകിയ 350 ബില്യൺ ഡോളറാണെന്ന് ട്രംപ് പറഞ്ഞു. കോടിക്കണക്കിന് ഡോളറിന്റെ സഹായത്തിന് പകരമായുള്ളതാണ് കരാർ, എന്നാണു ട്രംപിന്റെ നിലപാട്. സുരക്ഷാ ഉറപ്പുകൾ അല്ലെങ്കിൽ ആയുധങ്ങളുടെ തുടർച്ചയായ കൈമാറ്റം കരാറിൽ ഇല്ല. 'സ്വതന്ത്രവും പരമാധികാരവും സുരക്ഷിതവുമായ യുക്രെയ്നാണ് യു.എസ് ആഗ്രഹിക്കുന്നത്' എന്ന് ട്രംപ് പറഞ്ഞു. ഭാവിയിലെ ആയുധ കയറ്റുമതി സംബന്ധിച്ചു ചർച്ചകൾ തുടരുമെന്നും യു.എസ്. ഉദ്യോഗസ്ഥർ പറഞ്ഞു. ഒരുതരം കടൽക്കൊള്ള' പോലെ ആണ് അമേരിക്കയുടെ ഇടപാട്. ധാതു സമ്പത്തിന്റെ കാര്യത്തിൽ, യുക്രെയ്ൻ സമ്പുഷ്ടമാണ്. യൂറോപ്യൻ യൂണിയൻ നിർണായകമെന്ന് തിരിച്ചറിഞ്ഞ 34 ധാതുക്കളിൽ 22 എണ്ണത്തിന്റെ നിക്ഷേപം യുക്രെയ്നിൽ ഉണ്ട്. അവയിൽ വ്യാവസായിക, നിർമാണ വസ്തുക്കൾ, ഫെറോഅലോയ്, വിലയേറിയ നോൺഫെറസ് ലോഹങ്ങൾ, ചില അപൂർവ മൂലകങ്ങൾ എന്നിവ ഉൾപ്പെടുന്നു. വൈദ്യുത വാഹന ബാറ്ററികളിലെയും ആണവ റിയാക്ടറുകളിലെയും പ്രധാന ഘടകമായ ഗ്രാഫൈറ്റിന്റെ കരുതൽ ശേഖരവും യുക്രെയ്നിന് ഉള്ളതാണ്.ഇലക്ട്രിക് വാഹന ബാറ്ററികളിലും ന്യൂക്ലിയർ റിയാക്ടറുകളിലുമായ് പ്രധാന ഘടകമായ ഗ്രാഫൈറ്റിന്റെ യുക്രെയ്നിന്റെ കരുതൽ ശേഖരം ആഗോള വിഭവങ്ങളുടെ 20% പ്രതിനിധീകരിക്കുന്നു.



# ഇന്ത്യ,ഫിലിപ്പൈൻസ് വിമാനസർവീസ് ഉടൻ

**മുംബൈ:** ഇന്ത്യയിൽനിന്ന് ഫിലിപ്പൈൻസിലേക്കും തിരികെയും നേരിട്ടുള്ള വിമാന സർവീസുകൾ ഉടൻ ആരംഭിക്കുമെന്ന് റിപ്പോർട്ടുകൾ. ഡൽഹി, മുംബൈ തുടങ്ങിയ പ്രധാന ഇന്ത്യൻ നഗരങ്ങളിൽ നിന്നു ഫിലിപ്പൈൻസിൻറെ തലസ്ഥാനമായ മനിലയിലേക്ക് ഏതാനും മാസങ്ങൾക്കുള്ളിൽ സർവീസ് തുടങ്ങുമെന്നാണു വിവരം.

ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യോമഗതാഗതം ശക്തിപ്പെടുന്നതിൻറെ ഭാഗമായി സിവിൽ ഏവിയേഷൻ അഥോറിറ്റി ഓഫ് ഫിലിപ്പൈൻസിലെ ഉദ്യോഗസ്ഥർ എയർ ഇന്ത്യയിലെ ഉന്നത അധികാരികളുമായി കഴിഞ്ഞദിവസം കൂടിക്കാഴ്ച നടത്തി. വിമാന സർവീസുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തന ആവശ്യകതകൾ, സാങ്കേതികമായ വിഷയങ്ങൾ, സുരക്ഷാ മാനദണ്ഡങ്ങൾ, ലോജിസ്റ്റിക്സ് എന്നിവ അടക്കമുള്ള വിഷയങ്ങളും ചർച്ച ചെയ്തു.

ഫിലിപ്പൈൻസിലേക്ക് ഇന്ത്യൻ സന്ദർശകരുടെ എണ്ണം വർധിച്ച് വരികയാണ്. സമീപ വർഷങ്ങളിൽ ഇന്ത്യൻ ടൂറിസ്റ്റുകൾക്ക് ഫിലിപ്പൈൻസ് ഏറെ ആകർഷകമായ സ്ഥലമായി മാറിക്കഴിഞ്ഞു. കൂടാതെ ഇന്ത്യൻ യാത്രക്കാർക്കായി ഇവീസ സംവിധാനം ഏർപ്പെടുത്തിയത് ഫിലിപ്പൈൻസ് സന്ദർശന പ്രക്രിയ കൂടുതൽ ലളിതമാക്കിയിട്ടുണ്ട്.

2024ൽ 79,000 ഇന്ത്യൻ സഞ്ചാരികൾ ഫിലിപ്പൈൻസിൽ എത്തി എന്നാണ് ഔദ്യോഗിക കണക്ക്. 2023 നെ അപേക്ഷിച്ച് ഇന്ത്യൻ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 12 ശതമാനം വർധനയാണ് ഉണ്ടായിട്ടുള്ളത്.

# സംസ്ഥാനത്ത് ഉഷ്ണതരംഗ സാധ്യതാ മുന്നറിയിപ്പ് തുടരുന്നു; യെല്ലോ അലർട്ട്



**തിരുവനന്തപുരം:** സംസ്ഥാനത്ത് കടുത്ത ചൂട് തുടരുന്നതിനാൽ ബുധൻ ഉഷ്ണ തരംഗ സാധ്യതാ മുന്നറിയിപ്പ് തുടരുന്നു. കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ സാധാരണയെക്കാൾ 4 °-C വരെ താപനില ഉയരാൻ സാധ്യതയുണ്ടെന്നും മുന്നറിയിപ്പിൻറെ ഭാഗമായി യെല്ലോ അലർട്ട് പ്രഖ്യാപിച്ചതായും കാലാവസ്ഥ വകുപ്പ് അറിയിച്ചു.

കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഉയർന്ന താപനില 39°-C വരെയും കോഴിക്കോട്, മലപ്പുറം, തൃശൂർ, പാലക്കാട്, കോട്ടയം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഉയർന്ന താപനില 37°-C വരെയും എറണാകുളം, ആലപ്പുഴ ജില്ലകളിൽ ഉയർന്ന താപനില 36°-C വരെയും ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിക്കുന്നു.

ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം ചൂടും അസ്വസ്ഥതയുമുള്ള കാലാവസ്ഥയ്ക്ക് സാധ്യതയുണ്ട്. ഉയർന്ന ചൂട് കാരണം സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാം. അതിനാൽ ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പിൽ പറയുന്നു.



സൊസൈറ്റി ടുഡേ
SOCIETY TODAY



ഡോ. ടി. സുധാകർ, ഡോ. കാർത്തിക് ബാലചന്ദ്രൻ, ഡോ. ജിനു ആനി ജോസ്

# കെ.ജി.എം.ഒ.എ: ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി:** കേരള ഗവൺമെന്റ് മെഡിക്കൽ ഓഫിസേഴ്സ് അസ്സോസിയേഷൻ(കെ.ജി.എം.ഒ.എ) എറണാകുളം ജില്ലാ പ്രസിഡന്റായി ഡോ. ടി. സുധാകറിനെയും സെക്രട്ടറിയായി ഡോ. കാർത്തിക് ബാലചന്ദ്രനെയും ട്രഷറർ ആയി ഡോ. ജിനു ആനി ജോസിനെയും തിരഞ്ഞെടുത്തു. കലൂർ ഐ.എം.എ ഹൗസിൽ നടന്ന വാർഷിക സമ്മേളനം കെ.ജി.എം.ഒ.എ സംസ്ഥാന പ്രസിഡന്റ് ഡോ.പി.കെ സുനിൽ ഉദ്ഘാടനം ചെയ്തു.ജില്ലാ പ്രസിഡന്റ് ഡോ.കെ.എ മുഹമ്മദ് സലിം അധ്യക്ഷത വഹിച്ചു. ഡോ. സണ്ണി പി. ഓരത്തേൽ പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണം നിർവ്വഹിച്ചു. ഡോ. ജോയി ജോർജ്ജ്, ഡോ.പി.കെ ദിലീപ് തുടങ്ങിയവർ സംസാരിച്ചു.

# അതിദരിദ്രർക്ക് ഫ്ളാറ്റ് ഒരുക്കി ആലപ്പുഴ നഗരസഭ

**ആലപ്പുഴ:** നഗരസഭ ചാത്തനാട് കോളനിയിൽ നിർമ്മാണം പൂർത്തിയായി വരുന്ന മുഴുവൻ ഫ്ളാറ്റുകളും നഗരസഭ പരിധിയിലെ അതിദരിദ്രരായ ഭവനരഹിതർക്കായി നൽകുന്നതിന് കൗൺസിൽ തീരുമാനിച്ചു. 24 ഗുണഭോക്താക്കളാണ് ഉള്ളത്. നിലവിൽ നഗരസഭ ഈ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വീട്ടു വാടക ലഭ്യമാക്കുന്നതിന് വാർഷിക പദ്ധതിയിൽ പണം വകയിരുത്തി വാടക നൽകി വരികയാണ്. പാകം ചെയ്ത ഭക്ഷണം ആവശ്യമുള്ളവർക്ക് ഉച്ചഭക്ഷണവും, അത്താഴവും എത്തിച്ചു നൽകുന്നതോടൊപ്പം, പാചകം ചെയ്യാൻ ശേഷിയുള്ളവർക്ക് ഭക്ഷ്യകിറ്റും നൽകിവരുന്നു. നവംബർ മാസം അതിദരിദ്രരില്ലാത്ത കേരളം പ്രഖ്യാപനത്തിന് ഒരുങ്ങുമ്പോൾ മുഴുവൻ ആളുകൾക്കും വാസയോഗ്യമായ വീട് ആണ് നഗരസഭ ലക്ഷ്യമിടുന്നത്.

മാലിന്യ മുക്ത നഗരസഭ പ്രഖ്യാപനം മാർച്ച് 20 നു മുൻപ് നടത്തുവാൻ തീരുമാനിച്ചു. മാലിന്യ മുക്ത കേരളം സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്നത് മാർച്ച് 30 സീറോ വേസ്റ്റ് ദിനത്തോടനുബന്ധിച്ച് ആണ്. അതിനു മുന്നോടിയായി നഗരസഭയിലെ എല്ലാ വാർഡുകളും മാലിന്യ മുക്ത വാർഡുകളായി പ്രഖ്യാപിക്കും. പൊതുജന പങ്കാളിത്തത്തോടെയുള്ള വിപുലമായ ക്യാമ്പയിൻ നടത്താൻ നഗരസഭ തീരുമാനിച്ചു. നഗരത്തിലെ ടൗണുകൾ, കലാലയങ്ങൾ, അയൽക്കൂട്ടങ്ങൾ, സ്ഥാപനങ്ങൾ, റെസിഡൻസ് അസോസിയേഷനുകൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ എന്നിവയെല്ലാം ഹരിത ചട്ടം പാലിച്ച് പ്രവർത്തന സജ്ജമാക്കും.

നഗരസഭാധ്യക്ഷ കെകെ ജയമ്മ അധ്യക്ഷത വഹിച്ച കൗൺസിലിൽ വൈസ് ചെയർമാൻ പിഎസ്എം ഹുസൈൻ, സ്ഥിരം സമിതി അധ്യക്ഷരായ എംആർ പ്രേം, എഎസ് കവിത, ആർ വിനിത, കക്ഷിനേതാക്കളായ അഡ്വ റീഗോരാജു, ഡിപി മധു, ഹരികൃഷ്ണൻ, പി രതീഷ്, കൗൺസിലർമാരായ ബി അജേഷ്, ആർ രമേഷ്, മനു ഉപേന്ദ്രൻ, ബി നസീർ, സെക്രട്ടറി ഷിബു നാൽപ്പാട്ട്, ഡെപ്യൂട്ടി സെക്രട്ടറി എ സുരേഷ് എന്നിവർ സംസാരിച്ചു.

# ഗെയിൽ പൈപ്പ് ലൈൻ: തകർന്ന റോഡുകൾ ഉടൻ പുനസ്ഥാപിക്കും

**ആലപ്പുഴ:** മണ്ഡലത്തിൽ ഗെയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കുഴിയെടുത്തതിനെ തുടർന്ന് തകർന്ന റോഡുകൾ എത്രയും വേഗത്തിൽ പുനസ്ഥാപിക്കാൻ തീരുമാനം.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ പി പി ചിത്തരഞ്ജൻ എംഎൽഎയുടെ നേതൃത്വത്തിൽ ചേർന്ന ഗെയിൽ അധികൃതരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗത്തിലാണ് തീരുമാനം. എഡിഎം ആശ സി എബ്രഹാമിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൊമ്മാടി മുതൽ എസ് ഡി വി വരെയുള്ള ഭാഗത്തെ തകർന്ന റോഡുകൾ 5 മീറ്റർ വീതിയിൽ ടാർ ചെയ്ത് പുനസ്ഥാപിക്കുമെന്ന് ഗെയിൽ അധികൃതർ അറിയിച്ചു. ഇതിന് മുന്നോടിയായി പൊതുമരാമത്ത് വകുപ്പ് അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തും. മണ്ണഞ്ചേരി, ആര്യാട് പഞ്ചായത്തുകളിലെ റോഡുകൾ പുനസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് മാർച്ച് 10 നു മുമ്പ് പഞ്ചായത്ത് അധികൃതരുമായി ഗെയിൽ ഉദ്യോഗസ്ഥർ സംയുക്ത യോഗം നടത്തി തീരുമാനമെടുക്കും. മറ്റു പഞ്ചായത്തുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് മുന്നോടിയായി ബന്ധപ്പെട്ട പഞ്ചായത്ത് അധികൃതരുമായി കൂടിയാലോചന നടത്തണമെന്നും നിശ്ചിത സമയപരിധിക്കുള്ളിൽ റോഡുകൾ പൂർവസ്ഥിതിയിലാക്കണമെന്നും എംഎൽഎ ആവശ്യപ്പെട്ടു. പഞ്ചായത്ത് പ്രസിഡൻറ് എസ് സന്തോഷ് ലാൽ, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ടി വി അജിത് കുമാർ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



എറണാകുളം കടവന്ത്ര ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി ചിക്കിംഗ് ഹാർട്ട് കെയറുമായി സഹകരിച്ച് 100 ഹൃദ്രോഗികൾക്ക് സൗജന്യമായി ഹൃദയശസ്ത്രക്രിയയും തുടർ ചികിൽസയും ചെയ്യുന്ന പദ്ധതിയുടെ ധാരണാപത്രം കൈമാറൽ സമ്മേളനം കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് പി.ഗോപിനാഥ മേനോൻ ഉദ്ഘാടനം ചെയ്യുന്നു.ഇക്ബാൽ വലിയ വീട്ടിൽ, അഡ്വ.ബി.എ.അബ്ദുൾ മുത്തലിബ്, എൻ.എ അബ്രാഹം, അജയ് തറയിൽ, എം.ഒ ജോൺ, അഗസ്റ്റസ് സിറിൾ, ഡോ. ജോർജ് ജെ.വാളൂരാൻ, ആലപ്പാട്ട് മുരളീധരൻ, എ.കെ മൻസൂർ, ജി.മാധവൻ കുട്ടി, ഫൈസൽ ബഫാക്കി തങ്ങൾ, പി.വി അഷ്റഫ് തുടങ്ങിയവർ സമീപം

# ഹൃദ്രോഗികൾക്ക് സൗജന്യ ശസ്ത്രക്രിയ

# ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയും ചിക്കിംഗ് ഹാർട്ട് കെയറും ധാരണാ പത്രം കൈമാറി

## സന്തോഷം ലഭിക്കുന്നത് സഹായിക്കുമ്പോൾ : ജസ്റ്റിസ് പി. ഗോപിനാഥ് മേനോൻ

**കൊച്ചി :** ഒരു മനുഷ്യന്റെ പക്കൽ കോടിക്കണക്കിന് രൂപയുണ്ടെങ്കിലും അത് സന്തോഷം നൽകില്ലെന്നും മറിച്ച് ഈ ധനം മറ്റുള്ളവർക്ക് സഹായമായി മാറുമ്പോഴാണ് അവന്റെ ജീവിതം സന്തോഷത്താൽ നിറയുന്നതെന്നും കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് പി. ഗോപിനാഥ് മേനോൻ പറഞ്ഞു.

എറണാകുളം കടവന്ത്ര ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി ചിക്കിംഗ് ഹാർട്ട് കെയറുമായി സഹകരിച്ച് 100 ഹൃദ്രോഗികൾക്ക് സൗജ്യനമായി ഹൃദയശസ്ത്രക്രിയയും തുടർ ചികിൽസയും ചെയ്യുന്ന പദ്ധതിയുടെ ധാരണാപത്രം കൈമാറൽ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഡോക്ടർമാരുടെ ജോലി ദൈവതുല്യമാണെന്നതിൽ സംശയമില്ല. അതുപോലെ തന്നെ പ്രധാനമാണ് ചികിൽസിക്കാൻ പണമില്ലാതെ കഷ്ടതയനുഭവിക്കുന്ന നിർധനരായ രോഗികളെ സാമ്പത്തികമായി സഹായിക്കുന്നതും.

ഇതിലും മഹത്തായ മറ്റൊന്നില്ലെന്നാണ് താൻ വിശ്വസിക്കുന്നതെന്നും ജസ്റ്റിസ് പി. ഗോപിനാഥ് മേനോൻ പറഞ്ഞു. ആശുപത്രി ഭരണസമിതി പ്രസിഡന്റ് എം.ഒ ജോൺ അധ്യക്ഷത വഹിച്ചു. സൗജന്യ ഹൃദയശസ്ത്രക്രിയ പദ്ധതിയുടെയും തുടർ ചികിൽസയുടെയും ധാരണാ പത്രം ചിക്കിംഗ് (മാൻസൂർ ഫുഡ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്) മാനേജിംഗ് ഡയക്ടർ എ.കെ മൻസൂർ ആശുപത്രി ഭരണ സമിതി സെക്രട്ടറി അജയ് തറയിലിന് ചടങ്ങിൽ കൈമാറി. ഹൃദ്രോഗ ശസ്ത്രക്രിയാ വിദഗ്ദ്ധരായ ഡോ. ജോർജ് ജെ.വാളൂരാൻ, ഡോ. ജിയോ പോൾ.സി എന്നിവരെ ചടങ്ങിൽ ആദരിച്ചു.

ആശുപത്രി വൈസ് പ്രസിഡന്റ് അഡ്വ.ബി.എ അബ്ദുൾ മുത്തലിബ്, ഡയറക്ടർമാരായ അഗസ്റ്റസ് സിറിൾ, പി.വി അഷ്റഫ്, ആലപ്പാട്ട് മുരളീധരൻ, ഡോ.ഹസീന മുഹമ്മദ്, ഇക്ബാൽ വലിയവീട്ടിൽ, ഇന്ദിരാബായി പ്രസാദ്, എൻ.എ അബ്രാഹം, പി.ഡി അശോകൻ, കെ.പി വിജയ കുമാർ, മെഡിക്കൽ സൂപ്രണ്ട് ഡോ.എസ് സച്ചിദാനന്ദ കമ്മത്ത്, പ്രൊജക്ട് കോർഡിനേറ്റർമാരായ ഫൈസൽ ബഫാക്കി തങ്ങൾ, ജി.മാധവൻ കുട്ടി തുടങ്ങിയവർ പ്രസംഗിച്ചു.



എറണാകുളം കടവന്ത്ര ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി ചിക്കിംഗ് ഹാർട്ട് കെയറുമായി സഹകരിച്ച് 100 ഹൃദ്രോഗികൾക്ക് സൗജന്യമായി ഹൃദയശസ്ത്രക്രിയയും തുടർചികിൽസയും ചെയ്യുന്ന പദ്ധതിയുടെ ധാരണാപത്രം ആശുപത്രി സെക്രട്ടറി അജയ് തറയിലിന് ചിക്കിംഗ് (മാൻസൂർ ഫുഡ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്) മാനേജിംഗ് ഡയക്ടർ എ.കെ മൻസൂർ കൈമാറുന്നു. അഡ്വ.ബി.എ.അബ്ദുൾ മുത്തലിബ്, എം.ഒ ജോൺ, ജസ്റ്റിസ് പി. ഗോപിനാഥ മേനോൻ, ഫൈസൽ ബഫാക്കി തങ്ങൾ, ഡോ. ജോർജ് ജെ.വാളൂരാൻ, ഡോ. ജിയോ പോൾ.സി, ജി.മാധവൻ കുട്ടി, പി.വി അഷ്റഫ് തുടങ്ങിയവർ സമീപം

# ശിശു സംരക്ഷണ യൂണിറ്റ് ജില്ലാതല സമിതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി

**ആലപ്പുഴ:** ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ജില്ലാതല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി(ഡി സി പി സി), ജില്ലാ തല ടാസ്ക് ഫോഴ്സ്(ഡി റ്റി എ ഫ്), ജില്ലാതല ആക്ഷൻ ഗ്രൂപ്പ് (ഡി എ ജി) എന്നീ മൂന്ന് സമിതികളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. ജില്ലാ പഞ്ചായത്ത് മിനി ഹാളിൽ ചേർന്ന യോഗത്തിൽ ഡെപ്യൂട്ടി കളക്ടർ പി. സുനിൽ കുമാർ അധ്യക്ഷത വഹിച്ചു. വനിതാ ശിശു വികസന വകുപ്പിൻറെ നേതൃത്വത്തിൽ സ്കൂളുകൾ കേന്ദ്രീകരിച്ചു നടത്തുന്ന ഔവർ റെസ്പോൺസിബിലിറ്റി ചിൽഡ്രൻ പദ്ധതിയുടെ നടത്തിപ്പാണ് ഡി എ ജി യുടെ ചുമതല. ബാലവേല, ബാലഭിക്ഷാടനം എന്നിവ തടയുന്നതിന് രൂപീകരിച്ചിട്ടുള്ള ശരണബാല്യം പദ്ധതിയുടെ ഭാഗമായാണ് ഡി റ്റിഎഫ് രൂപികരിച്ചത്. പഞ്ചായത്തുകളിലും ബ്ലോക്കുകളിലും രൂപീകരിച്ചിട്ടുള്ള ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി കളുടെ അവലോകനവും തുടർപ്രവർത്തനവുമാണ് ഡിസിപി സിയിൽ നേതൃത്വത്തിൽ നടക്കുന്നത്. ചൈൽഡ് വെൽഫെയർ കമ്മറ്റി ചെയർപേഴ്സൺ ജി.വസന്തകുമാരി അമ്മ, ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗം അഡ്വ. ഷീല, കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ കർത്തവ്യ വാഹകർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.



# പൊക്കാളി കൃഷിയുടെ അടിസ്ഥാന സൗകര്യങ്ങൾക്കായി പത്തു കോടി അനുവദിക്കും: മന്ത്രി

**കൊച്ചി:** പൊക്കാളി കൃഷിയുടെ അടിസ്ഥാന സൗകര്യങ്ങൾക്കായി കൃഷി വകുപ്പ് മുൻകൈയെടുത്ത് പത്തു കോടി അനുവദിക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ്. അടുത്ത സാമ്പത്തിക വർഷം തുക അനുവദിക്കും. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, പൊക്കാളി നില വികസന ഏജൻസി എന്നിവയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച കരകം 2025 പൊക്കാളി ഏകദിന ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പൊക്കാളി കൃഷിയുടെ വളർച്ചയ്ക്കായി അടിസ്ഥാന സൗകര്യങ്ങൾക്കൊപ്പം വില ലഭ്യമാക്കുന്നതിലും ശ്രദ്ധ വേണം. ഉൽപാദന ചെലവിന്റെ 50% എങ്കിലും കർഷകന് ലഭ്യമാക്കണം. എല്ലാ മേഖലയിലും ഉത്പന്നത്തിന്റെ വില നിശ്ചയിക്കുന്നത് ഉത്പാദിപ്പിച്ചവരാണ്. എന്നാൽ ഉത്പാദിപ്പിച്ചതിന്റെ വില നിശ്ചയിക്കാൻ അവകാശമില്ലാത്ത ഒരാൾ കർഷകനാണ്. ഉത്പാദന ചെലവ് പകുതിയെങ്കിലും ലഭ്യമായാൽ മാത്രമേ കർഷകനും നിലനിൽക്കാൻ സാധിക്കൂ. കൃഷിവകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും എല്ലാവരും യോജിച്ച് കർഷകന് കൃത്യമായ വില ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് മന്ത്രി പറഞ്ഞു.

സർക്കാർ നയമായ ഒരു നെല്ലും ഒരു മീനും കൃഷി രീതിയാണ് പൊക്കാളി പാടശേഖരങ്ങളിൽ നടപ്പിലാക്കുന്നത്. ആറുമാസം പൊക്കാളിയും ആറുമാസം മത്സ്യകൃഷിയുമാണ് ഇവിടെ പ്രോത്സാഹിപ്പിക്കുന്നത്. സംഘർഷങ്ങൾ ഒഴിവാക്കുന്നതിനായി കലണ്ടർ കൃത്യമായി നടപ്പിലാക്കും.

പൊക്കാളി കൃഷിക്ക് ജൈവ സർട്ടിഫിക്കേഷൻ ലഭ്യമാക്കും. ഇത് ലഭ്യമായാൽ കർഷകർക്ക് കുറച്ചുകൂടി വില ഉറപ്പാക്കാൻ സാധിക്കും. നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ (എൻ പി ഓ പി) സർട്ടിഫിക്കറ്റ് കൂടി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൃഷിവകുപ്പിന്റെ ഭാഗത്തുനിന്ന് നടക്കുന്നുണ്ട്.

കൊയ്ത്തിനാണ് ചെലവിന്റെ 40% വേണ്ടിവരുന്നത്. പൊക്കാളി പാടങ്ങൾക്ക് ആവശ്യമായ കൊയ്ത്തുപകരണങ്ങൾ ലഭ്യമാക്കും. കേരള ഗ്രോ ബ്രാൻഡ് പേരിൽ പൊക്കാളി അരിയും, പൊക്കാളി കൊണ്ടുള്ള മറ്റ് ഉൽപ്പന്നങ്ങളും വിപണനം ചെയ്യാനുള്ള പ്രവർത്തനങ്ങൾ കൃഷിവകുപ്പ് ഉറപ്പാക്കും. പൊക്കാളി കൃഷി രീതിയുടെ ഗുണമേന്മ സമൂഹം കൂടുതൽ മനസ്സിലാക്കണം. ആരോഗ്യവകുപ്പുമായി ചേർന്ന് ഗുണമേന്മകൾ സമൂഹത്തിലേക്ക് എത്തിക്കുവാനും ജനങ്ങളെ ബോധവാന്മാരാക്കുവാനും പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്. കേരളത്തിന് പുറത്ത് വിപണന സാധ്യതകൾ പരിശോധിക്കും. എല്ലാ പിന്തുണയും കൃഷിവകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകും.

വിത്തിന്റെ ലഭ്യത കുറവ് പരിഹരിക്കാൻ കൃഷിവകുപ്പ്, കാർഷിക സർവകലാശാല തുടങ്ങിയവയുമായി സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കും.

2017ൽ ഭൗമസൂചിക പദവി ലഭിച്ച കൃഷി രീതിയാണ് പൊക്കാളി. അമ്ലത്തെയും ഉപ്പിന്റെ അംശത്തെയും വെള്ളക്കെട്ടിനെയും പ്രതിരോധിക്കാൻ ഇതിന് സാധിക്കും. പൊക്കാളിക്ക് നിരവധി ഗുണങ്ങളുണ്ട്. ഇതിനെക്കുറിച്ച് പഠനം നടത്താൻ കാർഷിക വില നിർണയ ബോർഡിനെ ചുമതലപ്പെടുത്തിയപ്പോൾ 40 വർഷങ്ങൾക്കു മുമ്പ് 24000 ഹെക്ടർ ചെയ്തിരുന്ന പൊക്കാളി കൃഷി ഇന്ന് 2400 ഹെക്ടറിൽ മാത്രമാണ് കൃഷി ചെയ്യുന്നതെന്ന് വ്യക്തമായതായി മന്ത്രി പറഞ്ഞു.

അടിസ്ഥാന സൗകര്യങ്ങൾ, വില ലഭ്യമാക്കൽ, വിപണനം, വിത്ത്, സംഘർഷങ്ങൾ പരിഹരിക്കാൻ കലണ്ടർ എന്നീ മേഖലകളിൽ പരിഹാരം കണ്ടെത്തിയാൽ പൊക്കാളി കൃഷി കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു.

മികച്ച ജില്ലാ കളക്ടർക്കുള്ള റവന്യൂ പുരസ്കാരം കരസ്ഥമാക്കിയ ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷിനെയും വിവിധ കർഷകരെയും ചടങ്ങിൽ മന്ത്രി ആദരിച്ചു.

ശില്പശാലയോടനുബന്ധിച്ച് പൊക്കാളി കൃഷിയുടെ ആവശ്യകതയും പ്രതിസന്ധികളും, പൊക്കാളി കൃഷി പുനരുദ്ധാരണം, പൊക്കാളി കൃഷി മേഖലയിലെ യന്ത്രവൽക്കരണം, പൊക്കാളി കൃഷി കർഷക സംവാദം എന്നീ വിഷയങ്ങൾ സംബന്ധിച്ച് സെമിനാറുകളും സംവാദങ്ങളും സംഘടിപ്പിച്ചു.

കുഴുപ്പിള്ളി സഹകരണനിലയം ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ കെഎൻ ഉണ്ണികൃഷ്ണൻ എംഎൽഎ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, സിനിമാതാരം സലിംകുമാർ എന്നിവർ ചടങ്ങിൽ മുഖ്യാതിഥികളായി. ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് ആമുഖാവതരണം നടത്തി. പൊക്കാളി നിലവികസന ഏജൻസി വൈസ് ചെയർമാൻ പി വി ലാജു, വിവിധ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, പഞ്ചായത്ത് പ്രസിഡന്റുമാർ, മെമ്പർമാർ, പൊക്കാളി നിലവികസന ഏജൻസി അംഗങ്ങൾ, എറണാകുളം തൃശൂർ ആലപ്പുഴ ജില്ലകളിലെ കർഷകർ തുടങ്ങിയവർ പങ്കെടുത്തു.

# തീരദേശ റോഡുകൾ ഫെബ്രുവരി 26ന് ഉദ്ഘാടനം ചെയ്യും

**ചേർത്തല:** മണ്ഡലത്തിൽ നിർമ്മാണം പൂർത്തിയാക്കിയ തീരദേശ റോഡുകളുടെ ഉദ്ഘാടനം ഫെബ്രുവരി 26ന് ഫിഷറീസ്, സാംസ്കാരിക, യുവജനകാര്യ വകുപ്പ് മന്ത്രി സജി ചെറിയാൻ നിർവഹിക്കും. വൈകിട്ട് മൂന്ന്മണിക്ക് വയലാർ ഗ്രാമപഞ്ചായത്തിലെ കൊടിയനാട്ട് പാട്ടച്ചിറ റോഡ് പരിസരത്ത് സംഘടിപ്പിക്കുന്ന പരിപാടിയിൽ കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് അധ്യക്ഷനാകും. കെ സി വേണുഗോപാൽ എം പി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി എന്നിവർ മുഖ്യാതിഥികളാകും. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ എസ് ശിവപ്രസാദ്, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മേരി ടെൽഷ്യ, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി ജി മോഹനൻ, ആര്യാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ ഡി മഹീന്ദ്രൻ, വയലാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഓമന ബാനർജി, ഹാർബർ എൻജിനീയറിങ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ പി എസ് സ്വപ്ന, വിവിധ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, പഞ്ചായത്തംഗങ്ങൾ, തുടങ്ങിയവർ പങ്കെടുക്കും.

ചേർത്തല നിയോജക മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി 202425 വർഷത്തിൽ നിർമ്മാണം പൂർത്തീകരിച്ച കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് നാല്, 11, 13 വാർഡിലെ വട്ടക്കര കുഞ്ഞിത്തൈ തൈക്കൽ റോഡ്, തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് വാർഡ് 10ലെ മൂർത്തിക്കാവ് തകിടിവെളി റോഡ്, പട്ടണക്കാട് ഗ്രാമപഞ്ചായത്ത് വാർഡ് മൂന്നിലും വയലാർ പഞ്ചായത്ത് വാർഡ് ഒന്നിലും ഉൾപ്പെട്ടിട്ടുള്ള പത്മാക്ഷിക്കവല കാവിൽപ്പള്ളി റോഡ്, വയലാർ ഗ്രാമപഞ്ചായത്ത് വാർഡ് 15ലെ കൊടിയനാട്ട് പാട്ടച്ചിറ റോഡ്, മുഹമ്മ ഗ്രാമപഞ്ചായത്ത് വാർഡ് ആറ്, ഏഴ്, 14ലെ ഡീപ്പോക്കടവ് പോളക്കാടൻ ജംഗ്ഷൻ റോഡ്, മുഹമ്മ ഗ്രാമപഞ്ചായത്ത് വാർഡ് 15ലെ തടത്തുവെളി കാട്ടുകട ഹരിജൻ നഗർ എന്നീ റോഡുകളുടെ ഉദ്ഘാടനമാണ് മന്ത്രി നിർവഹിക്കുന്നത്.



# പുത്തൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ വോളിബോൾ കോർട്ട് സമർപ്പിച്ചു

**കൊല്ലം:** പുത്തൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ എക്സൈസ് വകുപ്പിന്റെ ഉണർവ് പദ്ധതി പ്രകാരം അനുവദിച്ച മൾട്ടിപർപ്പസ് വോളിബോൾ കോർട്ടിന്റെ ഉദ്ഘാടനം ധനകാര്യ മന്ത്രി കെ.എൻ ബാലഗോപാൽ നിർവഹിച്ചു. തെറ്റായ ശീലങ്ങളിൽ പോകാതെ സ്പോർട്സ് ഉൾപ്പെടെയുള്ള പാഠ്യേതര പ്രവർത്തനങ്ങളിൽ ശ്രദ്ധചെലുത്തി സാമൂഹ്യ ബോധമുള്ളവരായി പുതുതലമുറ വളരണമെന്ന് മന്ത്രി പറഞ്ഞു. ഒരാളിൽ മാത്രം ഒതുങ്ങാതെ സമൂഹത്തെ മുഴുവനായി നശിപ്പിക്കുന്ന ഒന്നാണ് ലഹരി. ഇത് പൂർണമായി തടയാനുള്ള പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനുള്ള വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിന്റെ തുടക്കമായാണ് സ്പോർട്സ് മേഖലയിൽ വിമുക്തിയുടെ ഇടപെടലെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ ഗോപൻ അധ്യക്ഷനായി. വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്. രഞ്ജിത്ത് മുഖ്യ പ്രഭാഷണം നടത്തി. ഡെപ്യൂട്ടി എക്സൈസ് കമീഷണർ എം. നൗഷാദ് പദ്ധതി വിശദീകരിച്ചു. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

വിദ്യാലയങ്ങൾ ലഹരിമുക്തമാക്കുന്നതിനും വിദ്യാർഥികളെ ബോധവത്കരിക്കുന്നതിനും അവരുടെ കർമശേഷി സർഗാത്മകമായി വിന്യസിക്കുന്നതിനുമായി എക്സൈസ് വകുപ്പ് വിമുക്തി ലഹരിവർജന മിഷനുമായി സഹകരിച്ച് ആവിഷ്കരിച്ച ഉണർവ് പദ്ധതിയുടെ ഭാഗമായാണ് ലഹരിക്കെതിരെ കായിക ലഹരി എന്ന ആശയത്തിൽ വോളിബോൾ കോർട്ട് ഒരുക്കിയത്. ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

# ഒ.ആർ കേളുവുമായി കൂടിക്കാഴ്ച; അഭിപ്രായങ്ങൾ സമർപ്പിക്കാം

**തിരുവനന്തപുരം:** പട്ടിക വർഗ്ഗ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ഈ മേഖലയിൽ പ്രവർത്തിക്കുന്ന അംഗീകൃത സാമുദായിക സംഘടനകളുടെ പ്രതിനിധികളുമായി മാർച്ച് 05ന് രാവിലെ 10.45ന് തിരുവനന്തപുരം, തൈക്കാട് ഗവ.ഗസ്റ്റ് ഹൗസ് ഹാളിൽ പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി ഒ.ആർ.കേളു കൂടിക്കാഴ്ച നടത്തും.

സംസ്ഥാനതലത്തിൽ നിയമപരമായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സമുദായ സംഘടനകളുടെ ഓരോ പ്രതിനിധിക്ക് കൂടിക്കാഴ്ചയിൽ പങ്കെടുക്കാം. സംഘടനയുടെ ഔദ്യോഗിക ലെറ്റർപാഡിൽ പങ്കെടുക്കുന്ന പ്രതിനിധിയുടെ പേരു വിവരം, സ്ഥാന പദവി, ഫോൺ നമ്പർ, പ്രസ്തുത കൂടിക്കാഴ്ച്ചയിൽ നിർദേശിക്കാൻ ഉദ്ദേശിക്കുന്ന അഭിപ്രായം എന്നിവ സഹിതം മാർച്ച് ഒന്നിനകം, ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം, നാലാം നില, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം695 033 എന്ന വിലാസത്തിലോ റെേറ.ൗയ@ഴാമശഹ.രീാ ഇമെയിൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. 0471 2302311, 04712303229.

# അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്:** ബേപ്പൂർ സമഗ്ര ഉത്തരവാദിത്ത ടൂറിസം വികസന പദ്ധതിയുടെ 2024 25 സാമ്പത്തിക വർഷം ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്ത ചിത്ര കലാകാരന്മാരായ യൂണിറ്റുകൾക്കായി കടലുണ്ടി ഗ്രാമപഞ്ചായത്തിലെ ആർട്ട് സ്ട്രീറ്റ് ഒരുക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. കോഴിക്കോട് ജില്ലയിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റായി രജിസ്റ്റർ ചെയ്തവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് മാനാഞ്ചിറയിലെ ഡിടിപിസി ബിൽഡിങ്ങിലെ ടൂറിസം ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെ ഉത്തരവാദിത്ത ടൂറിസം ജില്ലാ മിഷനിൽ രാവിലെ 10 മുതൽ വൈകീട്ട് അഞ്ച് വരെ ജില്ലാ കോർഡിനേറ്ററെ ബന്ധപ്പെടാം. ഫോൺ: 9526748398. വെബ്സൈറ്റ്: www.keralatourism.org /rtഅവസാന തിയതി മാർച്ച് 4

# എമർജൻസി മെഡിസിൻ നഴ്സിങ് നിയമനം

**കോഴിക്കോട്:** ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ, എമർജൻസി മെഡിസിൻ വിഭാഗം നടത്തുന്ന ഒരു വർഷത്തെ എമർജൻസി മെഡിസിൻ നഴ്സിങ് പ്രാക്ടിക്കൽ ട്രെയ്നിങ്ങ് പ്രോഗ്രാമിലേയ്ക്ക് ബി എസ് സി നഴ്സിങ്/ജി എൻ എം നഴ്സിങ് കോഴ്സുകൾ പാസ്സായവരെ മാർച്ച് ഒന്നിന് 11 മണിക്ക് എച്ച്ഡിഎസ് ഓഫീസിൽ നടത്തുന്ന ഇന്റർവ്യൂവിലേയ്ക്ക് ക്ഷണിച്ചു. ഒരു വർഷം നീണ്ടു നിൽക്കുന്ന നഴ്സിങ് പ്രവർത്തിപരിചയ/പരിശീലന പ്രോഗ്രാമിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന നഴ്സുമാർക്ക് ആദ്യത്തെ ആറുമാസം 3000 രൂപ സ്റ്റൈപ്പെന്റോടു കൂടിയ ട്രെയിനിങ്ങും പിന്നീടുള്ള ആറുമാസം 7000 രൂപ സ്റ്റൈപ്പെന്റോടുകൂടിയുള്ള ട്രെയിനിങ്ങും ആയിരിക്കും. ഫോൺ: 04952355900.

സൊസൈറ്റി ടുഡേ
SOCIETY TODAY



# കൃഷിയുമായി ബന്ധപ്പെട്ട പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ കർഷകരുമായും ചർച്ച നടത്തണം: മന്ത്രി പി. പ്രസാദ്

**കൊച്ചി:** കൃഷിയുമായി ബന്ധപ്പെട്ട പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് കർഷകരുമായി കൂടി ആശയ വിനിമയം നടത്തിയാകണമെന്ന് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ്. ഇത്തരം പദ്ധതികൾ ആവിഷ്കരിക്കേണ്ടത് കൃഷിവകുപ്പ് ഡയറക്ടറേറ്റിലോ സെക്രട്ടറിയേറ്റിലോ ആസൂത്രണ സമിതികളിലോ മാത്രമല്ല. പദ്ധതിയുമായി ബന്ധപ്പെട്ട ഭരണാനുമതിയും സാങ്കേതിക അനുമതിയും വാങ്ങുന്നതിന് മുൻപ് നിർബന്ധമായും കർഷകരുമായി ചർച്ച നടത്തേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. രാമമംഗലം ഗ്രാമപഞ്ചായത്തിലെ ഊരമന ശിവലി സെൻട്രൽ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ നിർമ്മാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

പദ്ധതികളുമായി ബന്ധപ്പെട്ട് എന്തെങ്കിലും മാറ്റങ്ങൾ വേണമെന്ന് കർഷകർ പറഞ്ഞാൽ അത് കൂടി പരിഗണിക്കണം. ആവശ്യമെങ്കിൽ ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറക്കും. ഓരോ വർക്കുകൾ പൂർത്തിയായ ശേഷവും പ്രവർത്തനങ്ങൾ അവലോകനം ചെയ്യണം. കർഷകർ തന്നെ കൃത്യമായ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കണം. പദ്ധതി എത്രമാത്രം ഫലം കണ്ടു എന്ന് ഇതിലൂടെ മനസ്സിലാക്കാൻ കഴിയും. മന്ത്രിയുടെ ഓഫീസ് മുതൽ കൃഷി ഭവനുകൾ വരെയുള്ള കാര്യത്തിൽ കർഷകർക്ക് കൃത്യമായി ഇടപെടാൻ കഴിയണം.

കൃഷിയുമായി ബന്ധപ്പെട്ട് സമൂഹത്തിന്റേയും സർക്കാരുകളുടെയും ഇടപെടലുകൾ അത്യാവശ്യമാണ്. അതിൽ തന്നെ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് കൃഷിയിടങ്ങൾ. പഴയ തലമുറ ഇക്കാര്യം ഗൗരവത്തോടെയാണ് കണ്ടിരുന്നതെങ്കിലും ഇന്നത്തെ തലമുറ ഇത് മറന്ന മട്ടാണ്. റോഡ്, പാലം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടിയല്ലാതെ വയൽ നികത്തുന്നത് യാതൊരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ലെന്നും മന്ത്രി വ്യക്തമാക്കി.

രാമമംഗലം പഞ്ചായത്തിലെ ശിവലി ജംഗ്ഷനിൽ നടന്ന ചടങ്ങിൽ അഡ്വ. അനൂപ് ജേക്കബ് എം.എൽ.എ അധ്യക്ഷത വഹിച്ചു. അഡ്വ. ഫ്രാൻസിസ് ജോർജ് എം.പി മുഖ്യാതിഥിയായി. പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് സ്മിത എൽദോസ്, എറണാകുളം ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് സ്ഥിരം സമിതി അധ്യക്ഷ ആശാ സനൽ, രാമമംഗലം പഞ്ചായത്ത് പ്രസിഡന്റ് പി.വി സ്റ്റീഫൻ, വൈസ് പ്രസിഡന്റ് മേരി എൽദോ, സ്ഥിരം സമിതി അധ്യക്ഷരായ ആലീസ് ജോർജ്, ഷൈജ ജോർജ്, ജിജോ ഏലിയാസ്, ബ്ലോക്ക് പഞ്ചായത്ത് അംഗം അഡ്വ. ജിൻസൺ വി. പോൾ, വാർഡ് മെമ്പർമാരായ സണ്ണി ജേക്കബ്, ബിജി രാജു, അഞ്ജന ജിജോ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആഭ രാജ്, കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർ സി.കെ രാജ്മോഹൻ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ സാം കെ. ജെയിംസ്, രാഷ്ട്രീയ നേതാക്കളായ എം.എ ജേക്കബ്, സുമിത്ത് സുരേന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.

വർഷങ്ങളായി കൃഷി ചെയ്യാതെ തരിശായി കിടന്നിരുന്ന ഊരമന ശിവലി സെൻട്രൽ പാടശേഖരങ്ങളെ കൃഷിക്ക് അനുയോജ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പാടശേഖരത്തിലെ ചാലുകൾ സംരക്ഷിച്ച് കൊണ്ടാണ് പദ്ധതി നടപ്പാക്കുന്നത്.

5.8 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി നബാർഡിന്റെ ധനസഹായത്തോടെ കൃഷി വകുപ്പാണ് നടപ്പാക്കുന്നത്. പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ 240 ഏക്കർ തരിശ് ഭൂമിയാണ് കൃഷിക്ക് അനുയോജ്യമായി മാറുക.

# ജനക്ഷേമകരമായ പ്രവർത്തനങ്ങളിലൂടെ സർക്കാരും ജനങ്ങളും തമ്മിലുള്ള അടുപ്പം വർധിപ്പിക്കാൻ കഴിയണം: മുഖ്യമന്ത്രി

**തിരുവനന്തപുരം:** ജനക്ഷേമകരമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് സർക്കാരും ജനങ്ങളും തമ്മിലുള്ള ഇഴയടുപ്പം വർധിപ്പിക്കാൻ ഉദ്യോഗസ്ഥർക്ക് സാധിക്കേണ്ടതുണ്ടെന്നും അതിന് എല്ലാ ഉദ്യോഗസ്ഥരും മാതൃകാപരമായ നിലപാടുകൾ സ്വീകരിക്കണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. റവന്യൂ ദിനാചരണത്തിന്റേയും റവന്യൂ അവാർഡ് വിതരണത്തിന്റേയും ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. കാര്യക്ഷമവും ജനോപകാരപ്രദവുമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും ഇവിടെ നൽകുന്ന റവന്യൂ അവാർഡുകൾ എല്ലാവർക്കും പ്രചോദനമായി മാറുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അവാർഡ് ജേതാക്കളെ അഭിനന്ദിച്ചുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞു.

കേരളം മാറുന്നു, വലിയ തോതിൽ വളരാനുള്ള ഒരു തയ്യാറെടുപ്പിലാണ് നാട്. അതിന് ഏറ്റവും നല്ല രീതിയിൽ പങ്ക് വഹിക്കുന്ന വകുപ്പാണ് റവന്യൂ വകുപ്പ്. നമ്മുടെ സംസ്ഥാനത്തിന്റെ പൊതുവായ കാര്യങ്ങളിൽ ആരോഗ്യകരമായ ഇടപെടലുകൾ റവന്യൂ വകുപ്പിന്റെ ഭാഗത്ത്നിന്ന് ഉണ്ടാകുന്നുണ്ട്. അതുപോലെ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പൊതുവേ നല്ല രീതിയിലാണ് ഇത്തരം കാര്യങ്ങളിൽ ഇടപെട്ടുപോരുന്നത്. നാടിന്റെ പൊതുസാഹചര്യം മാറ്റുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നല്ല രീതിയിലുള്ള ഇടപെടലുകൾ ഇനിയും ഉണ്ടാകേണ്ടതുണ്ട്. അതിൽ പ്രത്യേക ശ്രദ്ധയോടെ ഇടപെടേണ്ട ഒരു വകുപ്പാണ് റവന്യൂ വകുപ്പെന്ന് മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാന സർവീസിലുള്ള മഹാഭൂരിപക്ഷവും സത്യസന്ധമായി, കളങ്കരഹിതമായി തങ്ങളുടെ ചുമതലകൾ നിർവഹിക്കുന്നവരാണ്. സ്തുത്യർഹമായ അവരുടെ ഇടപെടലുകളാണ് നമ്മുടെ നാടിന്റെ വലിയ മാറ്റത്തിന് ഇടയാക്കിയിട്ടുള്ളത്. നയപരമായ തീരുമാനങ്ങൾ മന്ത്രിസഭ എടുക്കുമെങ്കിലും ആ നയങ്ങൾ പ്രാവർത്തികമാക്കുന്നത് ഉദ്യോഗസ്ഥരിലൂടെയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ജനങ്ങൾക്ക് ഭരണനടപടികളുടെ ശരിയായ സ്വാദ് അനുഭവിക്കാൻ കഴിയുക എന്നത് ഏറ്റവും പ്രധാനമാണ്. ഒരു കാര്യത്തിന് പലവട്ടം ഓഫീസിൽ കയറി ഇറങ്ങേണ്ടിവരുക. ചില തെറ്റായ ആവശ്യങ്ങൾ ചിലരിൽ നിന്ന് കേൾക്കേണ്ടിവരുക തുടങ്ങിയവയെല്ലാം പൊതുവേ വലിയ അതൃപ്തിയാണ് ജനങ്ങളിൽ ഉണ്ടാക്കുക. അതല്ല നമ്മൾ ആഗ്രഹിക്കുന്നത്. അത്തരം പ്രവർത്തനങ്ങൾ നടത്തുന്നത് ചെറുയൊരു വിഭാഗം മാത്രമാണ്. അവർ മഹാഭൂരിഭാഗം വരുന്ന സത്യസന്ധരായ ഉദ്യോഗസ്ഥരെയാണ് മനപ്രയാസിത്തിലാക്കുന്നത്. ദുഷ്പേര് ഒരാളിൽ മാത്രം ഒതിങ്ങിനിൽക്കില്ല എന്നത് കാണേണ്ടതുണ്ട്. തെറ്റായ പ്രവണതകൾ ശ്രദ്ധയിൽപ്പെട്ടാൽ സഹപ്രവർത്തകർക്ക് തന്നെ അവിടെ പ്രതികരിക്കാൻ കഴിയണം.

തിരുവനന്തപുരത്തിന് ഒരു പ്രത്യേക പദവി ഇതിനകം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭൂരഹിതരായ പട്ടികവർഗക്കാർ ഇല്ലാത്ത ആദ്യ ജില്ല എന്ന പദവി നേടാൻ തിരുവനന്തപുരത്തിന് കഴിഞ്ഞു. അതോടൊപ്പം തന്നെ ഭൂമിയുടെ രേഖ കൃത്യമായി എല്ലാവർക്കും ലഭ്യമാക്കാനുള്ള ഡിജിറ്റൽ റീസർവേ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കിവരുകയാണ്.

# ഗോസമൃദ്ധി; എൻഎൽഎം ഇൻഷുറൻസ് പദ്ധതിക്ക് തുടക്കം

**കോഴിക്കോട്:** പശു, എരുമ ഉൾപ്പെടെയുള്ള കന്നുകാലികൾക്കും അവയെ വളർത്തുന്ന കർഷകർക്കും പരിരക്ഷ നൽകുന്നതിനായി സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന ഗോസമൃദ്ധിഎൻഎൽഎം (നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ) ഇൻഷുറൻസ് പദ്ധതിക്ക് തുടക്കമായി.

കന്നുകാലികളുടെ മരണം, ഉല്പാദനക്ഷമത നഷ്ടപ്പെടൽ, കർഷകന്റെ അപകട മരണം, അംഗവൈകല്യം എന്നിവയ്ക്കും പദ്ധതിയിലൂടെ പരിരക്ഷ ലഭിക്കും. മൂന്ന് വർഷത്തേക്കും ഒരു വർഷത്തേക്കും ഉരുക്കളെ ഇൻഷുർ ചെയ്യാം. ജനറൽ വിഭാഗത്തിലും പട്ടിക ജാതിവർഗ വിഭാഗത്തിലുംപെട്ട കർഷകർക്കും പദ്ധതിയിൽ ഗുണഭോക്താക്കളാകാമെന്ന് അധികൃതർ അറിയിച്ചു. 65000 രൂപ മതിപ്പ് വില വരുന്ന ഉരുവിന് ജനറൽ വിഭാഗത്തിന് 1356 രൂപയും പട്ടിക വിഭാഗത്തിന് 774 രൂപയുമാണ് ഗുണഭോക്തൃ വിഹിതം. മൂന്ന് വർഷ പദ്ധതിയിൽ ജനറൽ വിഭാഗത്തിന് 3319 രൂപയും പട്ടിക വിഭാഗങ്ങൾക്ക് 1892 രൂപയുമാണ് കർഷക വിഹിതം. ജനറൽ വിഭാഗത്തിന് 50 ശതമാനവും പട്ടിക വിഭാഗത്തിന് 70 ശതമാനവും സബ്സിഡി ലഭിക്കും.

പദ്ധതിയുടെ സബ്സിഡിയിൽ 1456 രൂപ സർക്കാർ വിഹിതവും 100 രൂപ പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സിന്റെ വിഹിതവുമാണ്. 100 രൂപ പ്രീമിയത്തിൽ കർഷകന് 5 ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. ജില്ലയിലെ 2760 ഉരുക്കൾക്കും ഉടമസ്ഥർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. പദ്ധതിയിൽ അംഗമാകാൻ താല്പര്യമുള്ള കർഷകർ എത്രയും പെട്ടെന്ന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വെറ്ററിനറി ആശുപത്രികളുമായി ബന്ധപ്പെടണമെന്ന് ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. ഗീത വി, ജില്ലാ ഇൻഷുറൻസ് നോഡൽ ഓഫീസർ ഡോ. മനോജ ലാൽ കെ എം എന്നിവർ അറിയിച്ചു.

സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ: അപേക്ഷ ക്ഷണിച്ചു

കോഴിക്കോട് കാർഷിക മേഖലയിൽ ചെലവ് കുറഞ്ഞ രീതിയിൽ സൂക്ഷ്മ ജലസേചനം നടപ്പാക്കുന്നതിനുള്ള സംവിധാനങ്ങളായ ഡ്രിപ്, സ്പ്രിങ്ക്ളർ, മൈക്രോ സ്പ്രിങ്ക്ളർ, റെയ്ൻ ഗൺ തുടങ്ങിയവ സ്ഥാപിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ചെറുകിട കർഷകർക്ക് അനുവദനീയ ചെലവിന്റെ 55 ശതമാനവും മറ്റു കർഷകർക്ക് 45 ശതമാനവും സാമ്പത്തിക ആനുകൂല്യം ലഭിക്കും. ഒരു ഗുണഭോക്താവിന് പരമാവധി അഞ്ച് ഹെക്ടർ കൃഷിക്ക് ആനുകൂല്യം ലഭിക്കും.

അപേക്ഷകന്റെ ഫോട്ടോ, ആധാർ കാർഡിന്റെ കോപ്പി, നികുതി രസീതി, ബാങ്ക് പാസ്ബുക്കിന്റെ കോപ്പി, കൃഷി ഓഫീസറുടെ സാക്ഷ്യപത്രം തുടങ്ങിയ രേഖകൾ സഹിതമുള്ള അപേക്ഷ ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിക്കണം. ഫോൺ: 8606069173, 9567748516.

# വിദ്യാഭ്യാസ അടിസ്ഥാന സൗകര്യവികസനത്തിന് 1,427 കോടി നിക്ഷേപിച്ചു: വി.ശിവൻകുട്ടി

**തിരുവനന്തപുരം:** കഴിഞ്ഞ എട്ടര വർഷത്തിനിടയിൽ വിദ്യാഭ്യാസ സംവിധാനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി വഴി 1,427 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ടെന്ന് പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി.ശിവൻകുട്ടി. അരുവിക്കര മണ്ഡലത്തിലെ കടുക്കാക്കുന്ന്, പനയ്ക്കോട്, കുളപ്പട സ്കൂളുകളിലെ പുതിയ ബഹുനില മന്ദിരങ്ങളുടെ ഉദ്ഘാടനം ഓൺലൈനായി നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഈ നിക്ഷേപം കുഞ്ഞുങ്ങൾക്ക് സുരക്ഷിതവും പ്രചോദനാത്മകവുമായ പഠനാന്തരീക്ഷങ്ങൾ ലഭ്യമാക്കുന്നതിനാണ് ഉപയോഗിക്കുന്നത്. 5 കോടി വിലമതിക്കുന്ന 141 സ്കൂൾ കെട്ടിടങ്ങൾ അനുവദിച്ചതിൽ 139 എണ്ണം പൂർത്തിയായി. 3 കോടിയുടെ 386 സ്കൂൾ കെട്ടിടങ്ങൾ അനുവദിച്ചതിൽ 179 കെട്ടിടങ്ങളും ഒരു കോടിയുടെ 446 സ്കൂൾ കെട്ടിടങ്ങൾ അനുവദിച്ചതിൽ 195 എണ്ണവും ഇതിനകം പൂർത്തിയാക്കാൻ കഴിഞ്ഞു.

ആകെ 973 സ്കൂൾ കെട്ടിടങ്ങൾ അനുവദിച്ചതിൽ 513 എണ്ണം പൂർത്തിയാക്കാൻ കഴിഞ്ഞത് വലിയ വിജയമാണ്. ഓരോ കുട്ടിക്കും അവരുടെ സ്വപ്നങ്ങൾ പിന്തുടരാനുള്ള അവസരം ലഭിക്കണം എന്നതാണ് നമ്മുടെ സർക്കാരിന്റെ ലക്ഷ്യമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 202122 വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും 1.20 കോടിരൂപ ചെലവഴിച്ചാണ് തൊളിക്കോട് ഗ്രാമപഞ്ചായത്തിലെ കടുക്കാക്കുന്ന് ഗവ.എൽ.പി സ്കൂളിൽ ഇരുനില കെട്ടിടം നിർമ്മിച്ചത്.

നവതിയുടെ നിറവിലേക്ക് കടക്കുന്ന പനയ്ക്കോട് വി.കെ കാണി ഗവ.ഹൈസ്കൂളിൽ നിർമ്മിച്ച ബഹുനില മന്ദിരത്തിന് കിഫ്ബി ഫണ്ടിൽ നിന്ന് ഒരു കോടി 30 ലക്ഷം രൂപയാണ് അനുവദിച്ചത്. കിലയുടെ മേൽനോട്ടത്തിലാണ് കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയത്. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് 5 ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മിച്ച ഇലൈബ്രറിയുടെ ഉദ്ഘാടനവും തദവസരത്തിൽ നടന്നു.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 202223 വർഷത്തിലെ പ്ലാൻ ഫണ്ടിൽ നിന്നും ഒരു കോടി രൂപയും എംഎൽഎയുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 20 ലക്ഷം രൂപയും ചെലവഴിച്ചാണ് കുളപ്പട ഗവ.എൽ.പി സ്കൂളിൽ പുതിയ ബഹുനില മന്ദിരം നിർമ്മിച്ചത്.

മൂന്ന് വിദ്യാലയങ്ങളുടേയും അങ്കണങ്ങളിൽ സംഘടിപ്പിച്ച പരിപാടികളിൽ ജി.സ്റ്റീഫൻ എംഎൽഎ അധ്യക്ഷത വഹിച്ചു. തൊളിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.ജെ സുരേഷ്, ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജെ.ലളിത, എക്സിക്യൂട്ടീവ് എഞ്ചിനീയർ വി.ആർ ഗിരീഷ്, കില റീജിയണൽ മാനേജർ ഹൈറുന്നീസ.എ, ജില്ലാ പഞ്ചായത്ത്, പിടിഎ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

# മികച്ച സംരംഭക സാധ്യതയൊരുക്കി കുടുംബശ്രീ

**കൊല്ലം:** 10,000 കോഴികളെ വളർത്തി ഒന്നര മാസം കൊണ്ട് ഒന്നര ലക്ഷം രൂപ വരുമാനമുണ്ടാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ കുടുംബശ്രീ മിഷന്റെ കേരള ചിക്കൻ പദ്ധതിയിൽ ചേരാം. ഇത്രയും കോഴികളെ വളർത്താനുള്ള അടിസ്ഥാന സൗകര്യങ്ങളുള്ള കൂടൊരുക്കിയാൽ മാത്രം മതി. കോഴിക്കുഞ്ഞുങ്ങൾ, തീറ്റ, മരുന്ന് എന്നിവയെല്ലാം കുടുംബശ്രീയുടെ  കേരള ചിക്കൻ പദ്ധതിയിലൂടെ ലഭ്യമാക്കും. വളർത്തുക, വിൽക്കുക, ലാഭമെടുക്കുക എന്നതു മാത്രമേ സംരംഭകർ ചെയ്യേണ്ടതുള്ളൂ.

കോഴിയിറച്ചി കുറഞ്ഞ വിലയ്ക്കു ലഭ്യമാക്കുന്ന സർക്കാർ പദ്ധതിയാണ് കേരള ചിക്കൻ. കുടുംബശ്രീ മിഷൻ വഴി സംസ്ഥാനമാകെ കേരള ചിക്കൻ ആരംഭിച്ചെങ്കിലും ആവശ്യം കൂടിയതോടെ കൂടുതൽ പേരെ അംഗങ്ങളാക്കാനുള്ള വലിയ പദ്ധതിയാണു നടപ്പാക്കുന്നത്. മിതമായ നിരക്കിന് പുറമെ, ഗുണനിലവാരമുള്ള കോഴിയിറച്ചി ലഭ്യമാക്കുക, കുടുംബശ്രീ അംഗങ്ങൾക്ക്  സ്ഥിരവരുമാനം ഉറപ്പാക്കുക, അന്യ സ്രോതസ്സുകളെ ആശ്രയിക്കാതെ സ്വയംപ്രാപ്തി നേടുക എന്നീ ഉദ്ദേശങ്ങളോടെയുമാണ് പദ്ധതി വിഭാവന ചെയ്തത്.

കുടുംബശ്രീ അംഗങ്ങൾക്കോ കുടുംബാംഗങ്ങൾക്കോ  ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾക്കോ പദ്ധതിയിൽ ചേരാം. വ്യക്തിഗതമായോ ഒരേ സിഡിഎസിനു കീഴിലുള്ള നാല് പേരടങ്ങുന്ന സംഘമായോ ഫാം നടത്താം.  സി.ഡിഎസ് വഴിയാണു അപേക്ഷ നൽകേണ്ടത്. ഫാം പുതിയതായി ആരംഭിക്കാൻ താൽപര്യമുള്ളവർക്കും നിലവിൽ ഫാം നടത്തുന്നവർക്കും അപേക്ഷിക്കാം.

നിലവിൽ ജില്ലയിൽ 13 ഔട്‌ലറ്റുകളും 40 ഫാമുകളും പ്രവർത്തിക്കുന്നുണ്ട്.  ജില്ലയിൽ കഴിഞ്ഞ ആറു മാസത്തിനിടെ കേരള ചിക്കൻ ഔട്‌ലെറ്റുകൾ വിറ്റത്, 645264.3 കിലോ ചിക്കൻ. ഇതുവഴി കുടുംബശ്രീ കേരള ചിക്കൻ കമ്പനിക്ക്  ലഭിച്ച വരുമാനം 6.4കോടി. ഔട്ട്‌ലെറ്റ് ഗുണഭോക്താക്കൾക്ക് ലാഭ വിഹിതമായി  ഒരുകോടിയിലധികം രൂപയും ലഭിച്ചു. പദ്ധതിയിലുൾപ്പെട്ട കോഴിവളർത്തൽ കർഷകർക്ക് വളർത്ത് കൂലി ഇനത്തിൽ ലഭിച്ചത് 89 ലക്ഷം രൂപയാണ്. പ്രവർത്തി ദിനങ്ങളിൽ  3000കിലോ കോഴിയിറച്ചി വിറ്റഴിയുമ്പോൾ അവധി ദിനങ്ങളിൽ ശരാശരി 50006000 കിലോ വരെ വിറ്റുപോകുന്നു. ആന്റിബയോട്ടിക്കുകൾ കുത്തിവയ്ക്കാത്തതിനാൽ വിപണിയിൽ കേരള ചിക്കന് ആവശ്യക്കാർ ഏറെയാണ്.

ഒരു കോഴിക്ക് 1.2 ചതുരശ്ര അടി സ്ഥലം എന്നരീതിയിൽ 1000 മുതൽ 10000 കോഴികളെ വരെ വളർത്താവുന്ന ഫാം ആണു വേണ്ടത്. ഫാം തുടങ്ങാൻ കുടുംബശ്രീ, വ്യവസായ വകുപ്പ് എന്നിവയിൽനിന്നു വായ്പ ലഭിക്കും. കുടുംബശ്രീ വഴി നടപ്പാക്കുന്ന ഫാം പദ്ധതിക്കു കേരള ചിക്കൻ കമ്പനിക്ക് ഒരു സെക്യൂരിറ്റിയും നൽകേണ്ടതില്ല.

കുടുംബശ്രീ, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ സഹകരണത്തോടെയുള്ള  പദ്ധതിയുടെ ഉൽപാദനം മുതൽ വിപണനം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തുന്നത് കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡാണ്. കർഷകർക്ക് വളർത്തു കൂലി നൽകുന്ന രീതിയിലാണ് പ്രവർത്തനം. ഒരു ദിവസം പ്രായമായ  കുഞ്ഞുങ്ങൾക്ക് 45ദിവസത്തേക്ക്, തീറ്റയും, മരുന്നും കർഷകർക്ക് കുടുംബശ്രീ സൗജന്യമായി നൽകിയാണ് വളർത്തുന്നത്. വളർച്ചയെത്തിയ കോഴികളെ കമ്പനിതന്നെ തിരികെയെടുത്ത് കേരള ചിക്കൻ ഔട്‌ലറ്റുകൾ വഴി വില്പന നടത്തുകയും ചെയ്യും.

പൊതുമാർക്കറ്റിനേക്കാൾ ശരാശരി 10രൂപ വരെ കുറച്ചാണ് വിൽപ്പന. ഓരോദിവസത്തെയും വില സ്വകാര്യമാർക്കറ്റുകളുമായി താരതമ്യം ചെയ്ത് തലേന്ന് നിശ്ചയിക്കുകയാണ് പതിവെന്നു കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ വിമൽ ചന്ദ്രൻ പറഞ്ഞു

കുടുംബശ്രീ കേരള ചിക്കൻ നാട്ടിൽ  സ്വീകര്യമായതോടെ  ജില്ലയിൽ സ്വകാര്യ സംരംഭകർ കേരള ചിക്കൻ ബ്രാൻഡ് നെയിം ദുരുപയോഗിക്കുന്നതായി പരാതിയുണ്ട്. കേരള ചിക്കൻ എന്ന പേരിൽ  നൂറുകണക്കിന് സ്വകാര്യഔട്‌ലറ്റുകൾ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. ഗുണമേൻമയേറിയ  ചിക്കനാണെന്ന് കരുതി ഉപഭോക്താക്കൾ ഈ കെണിയിൽ അകപ്പെടുന്നതായി  കുടുംബശ്രീ അധികൃതർ പറഞ്ഞു.



# യുവജന കമ്മീഷൻ അദാലത്ത്: 21 കേസുകൾ തീർപ്പാക്കി

**കൊല്ലം:** സംസ്ഥാന യുവജന കമ്മീഷൻ ജില്ലാ അദാലത്തിൽ 21 പരാതികൾ തീർപ്പാക്കി. കമ്മീഷൻ ചെയർമാൻ എം. ഷാജറിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന അദാലത്തിൽ 38 കേസുകളാണ് പരിഗണിച്ചത്. 17 എണ്ണം അടുത്ത സിറ്റിങ്ങിലേക്ക് മാറ്റി. പുതുതായി ആറ് പരാതികൾ ലഭിച്ചു. ഇഗ്രാന്റ്സും ശമ്പള കുടിശ്ശികയും ലഭിക്കാത്തതും കൺസൾട്ടൻസി സ്ഥാപനം വാങ്ങിയ തുക തിരികെ നൽകാത്തതും സംബന്ധിച്ചും പി.എസ്.സി നിയമനം, സാമൂഹിക മാധ്യമങ്ങളിലൂടെ അപകീർത്തിപ്പെടുത്തൽ, തൊഴിൽ തട്ടിപ്പ് തുടങ്ങിയവയുമായി ബന്ധപ്പെട്ടുമുള്ള പരാതികളാണ് കൂടുതലും ലഭിച്ചത്.  യുവജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളിൽ കൃത്യമായ പരിഹാരത്തിന് കമ്മീഷൻ ഇടപെടുമെന്നും അവരുടെ മാനസികാരോഗ്യം ഉറപ്പാക്കാനുള്ള വിവിധ പദ്ധതികൾ നടപ്പാക്കി വരുകയാണെന്നും കമ്മീഷൻ ചെയർമാൻ ഷാജർ പറഞ്ഞു. യുവതക്കിടയിലെ വർധിക്കുന്ന ജോലി സമ്മർദം സംബന്ധിച്ച് കമ്മീഷന്റെ നേതൃത്വത്തിൽ നടത്തിയ ശാസ്ത്രീയ പഠനത്തിന്റെ റിപ്പോർട്ട് ഫെബ്രുവരി 27ന് മുഖ്യമന്ത്രിക്ക് സമർപ്പിക്കും. വിദേശരാജ്യങ്ങളിൽ ജോലി വാഗ്ദാനം നൽകി തട്ടിപ്പ് നടത്തുന്നവരുടെ എണ്ണം വർധിക്കുന്നതിനാൽ ജാഗ്രത പുലർത്തണമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

കമ്മീഷൻ സെക്രട്ടറി ഡി. ലീന ലിറ്റി, അംഗം എച്ച്. ശ്രീജിത്ത്, ലീഗൽ അഡ്വൈസർ വിനിത വിൻസന്റ്, അസിസ്റ്റന്റ് പി. അഭിഷേക് എന്നിവരും അദാലത്തിൽ പങ്കെടുത്തു.

# പ്രവാസി ഭദ്രത പദ്ധതി: അപേക്ഷ ക്ഷണിച്ചു

**കൊല്ലം:** കോവിഡ് കാരണം ജോലി നഷ്ടപ്പെട്ട് വിദേശത്തുനിന്ന് മടങ്ങിയെത്തുകയും തിരികെ പോകാൻ സാധിക്കാതെ വരുകയും ചെയ്തവർക്ക് സംരംഭങ്ങൾ തുടങ്ങാൻ കുടുംബശ്രീ മിഷനും നോർക്ക റൂട്ട്സും സംയുക്തമായി നടപ്പാക്കുന്ന 'പ്രവാസി ഭദ്രത' പലിശരഹിത വായ്പ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഗുണഭോക്താക്കൾ ആറുമാസമെങ്കിലും അയൽക്കൂട്ടാംഗത്വം നേടിയ കുടുംബശ്രീ അംഗങ്ങളോ കുടുംബാംഗങ്ങളോ ആയിരിക്കണം.

പദ്ധതിയുടെ 75 ശതമാനം അല്ലെങ്കിൽ പരമാവധി രണ്ട് ലക്ഷം രൂപ ഏതാണോ കുറവ് അത് വായ്പയായി അനുവദിക്കും. ആദ്യഘട്ടത്തിൽ തുകയുടെ പകുതിയും സംരംഭം ആരംഭിച്ചശേഷം ബാക്കി തുകയും നൽകും. മൂന്നുമാസത്തെ മൊറട്ടോറിയം കാലാവധിക്ക് ശേഷം തുല്യ ഗഡുക്കളായി രണ്ടു വർഷത്തിനുള്ളിൽ വായ്പ തുക തിരിച്ചടക്കണം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ആവശ്യമെങ്കിൽ സംരംഭകത്വ വികസന പരിശീലനം, നൈപുണ്യ പരിശീലനം എന്നിവ നൽകും.

അർഹരായവർ അപേക്ഷയും അനുബന്ധ രേഖകളും കുടുംബശ്രീ സി.ഡി.എസ് ഓഫീസിൽ സമർപ്പിക്കണം. അപേക്ഷക്കും വിശദ വിവരങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കുടുംബശ്രീ സി.ഡി.എസ് ഓഫീസുകളുമായി ബന്ധപ്പെടണം.

## ആരോഗ്യം ആനന്ദം, അകറ്റാം അർബുദം കളക്ടറേറ്റ് ജീവനക്കാർക്ക് ബോധവൽക്കരണ ക്ലാസ് നൽകി

**കോഴിക്കോട്:** ആരോഗ്യ വകുപ്പിന്റെ ആരോഗ്യം ആനന്ദം, അകറ്റാം അർബുദം സ്ത്രീകളിലെ ക്യാൻസർ ബോധവത്കരണ പരിപാടിയുടെ ഭാഗമായി കളക്ടറേറ്റിലെ വനിതാ ജീവനക്കാർക്ക് ക്യാൻസർ ബോധവത്കരണ ക്ലാസ്സ് നൽകി. ജില്ല ആരോഗ്യ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ക്ലാസ്സ് ജില്ല കളക്ടർ സ്നേഹിൽ കുമാർ സിംഗ് ഉദ്ഘാടനം ചെയ്തു.

തുടക്കത്തിലേയുള്ള രോഗ നിർണയമാണ് ക്യാൻസർ ചികിത്സയിൽ ഏറ്റവും പ്രധാനമെന്ന് ജില്ല കളക്ടർ പറഞ്ഞു. ഭൂരിഭാഗം സ്ത്രീകളിലേക്ക് രോഗത്തെപ്പറ്റിയുള്ള അറിവുകൾ എത്തിക്കുക എന്നതാണ് ക്യാമ്പയിന്റെ ലക്ഷ്യം. ക്ലാസ്സിൽ നിന്ന് ലഭിക്കുന്ന അറിവുകൾ ചുറ്റിലുമുള്ള മറ്റ് സ്ത്രീകളുമായും പങ്കുവെക്കണമെന്നും അദ്ദേഹം പറഞ്ഞു. ക്യാമ്പയിന്റെ ഭാഗമായി കളക്ടറേറ്റ് ജീവനക്കാർക്കായി മാർച്ച് ആദ്യ വാരം മൂന്ന് ദിവസത്തെ സ്ക്രീനിംഗ് ജില്ല ആരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. എൻ രാജേന്ദ്രൻ അധ്യക്ഷത വഹിച്ചു. സ്തനാർബുദം, ഗർഭാശയഗള ക്യാൻസർ വിഷയങ്ങളിൽ ഡബ്ല്യു ആൻഡ് സി ജൂനിയർ കൺസൾറ്റന്റ് ഡോ അനീന ഷാനവാസ്, കുന്ദമംഗലം കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. വി അർച്ചന എന്നിവർ ക്ലാസ്സെടുത്തു. എഡീഷണൽ ഡിഎംഒ ഡോ. എ പി ദിനേശ് കുമാർ, ജില്ലാ എഡ്യുക്കേഷൻ മെഡിക്കൽ ഓഫീസർ ഡോ. എൽ ഭവില തുടങ്ങിയവർ സംസാരിച്ചു.

## നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നം; കർശന നടപടികളുമായി ജില്ലാ ഭരണകൂടം

**കോഴിക്കോട്:**നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുകയോ നിർമ്മിക്കുകയോ ചെയ്യുന്ന സ്ഥാപനങ്ങളിൽ കർശന നടപടികൾക്കൊരുങ്ങി ജില്ലാ ഭരണകൂടം. ഇതിന്റെ ഭാഗമായി ജില്ലാ തലത്തിലെ രണ്ട് എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും പ്രവർത്തനങ്ങൾ ഊർജിതമാക്കുകയും പുതുതായി അഞ്ച് സ്ക്വാഡുകൾ രൂപീകരിക്കുകയും ചെയ്തു. ഇന്റേണൽ വിജിലൻസ് ഓഫീസർ  മാരുടെ (ഐവിഒ) നേതൃത്വത്തിലാണ് പുതിയ സ്ക്വാഡുകൾ പ്രവർത്തിക്കുക. ഒപ്പം തദ്ദേശ സ്ഥാപനങ്ങളും പരിശോധന ശക്തമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകൾ ആഴ്ചയിൽ രണ്ട് ദിവസവും നഗരസഭയും കോർപ്പറേഷനും എല്ലാ ദിവസവും പരിശോധന നടത്തേണ്ടതാണ്. ഉദ്യോഗസ്ഥരുടെ കുറവ് അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ആവശ്യമെങ്കിൽ ദിവസവേതന നിരക്കിൽ ഉദ്യോഗസ്ഥരെ നിയമിക്കാനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് കഴിഞ്ഞ ഒരാഴ്ചക്കിടെ 100 പരിശോധനകൾ നടത്തിയതിൽ 1,25,000 രൂപ പിഴ ചുമത്തി. തുടർദിവസങ്ങളിൽ പരിശോധന കർശനമാക്കുമെന്ന് ജില്ലാ ശുചിത്വ മിഷൻ മിഷൻ കോർഡിനേറ്റർ എം ഗൗതമൻ അറിയിച്ചു.

## മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വം പുതുക്കണം

**കോഴിക്കോട്:**  കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും 202425 വർഷത്തെ അംശദായം അടച്ച് അംഗത്വം പുതുക്കണം. മുൻ വർഷങ്ങളിലെ കുടിശ്ശികയുള്ളവരും ക്ഷേമനിധി പാസ്ബുക്ക്, ആധാർ, റേഷൻ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുമായി ഫെബ്രുവരി 28നകം ഫിഷറീസ് ഓഫീസുകളിലെത്തണം. തുടർച്ചയായി കുടിശ്ശിക വരുത്തിയവരുടെ പേര് 202526ലെ പട്ടികയിൽനിന്ന് ഒഴിവാക്കും. മത്സ്യബന്ധനത്തിൽ തുടരുന്ന തൊഴിലാളികൾക്ക് 70 വയസ്സ് വരെ ക്ഷേമനിധി വിഹിതം അടച്ച് അംഗത്വം തുടരാം.

# പാവക്കുളത്ത് ശിവരാത്രി മഹോൽസവം ഇന്ന്

**കൊച്ചി:** എറണാകുളം കലൂർ പാവക്കുളം ശ്രീ മഹാദേവ ക്ഷേത്രത്തിൽ മഹാശിവരാത്രി മഹോൽസവവും സൗജന്യ രുദ്രാക്ഷ വിതരണവും ഫെബ്രുവരി 26 ന് നടക്കും. 26 ന് രാവിലെ ഏഴിന് അഖണ്ഡപഞ്ചാക്ഷരീ മന്ത്രജപം, എട്ടിന് ആയിരംകുടംധാര,11 ദ്രവ്യരുദ്രാഭിഷേകം, പാലഭിഷേകം, ഉച്ചയ്ക്ക് 12 ന് പ്രസാദമൂട്ട്, വൈകുന്നേരം അഞ്ചു മുതൽ ശ്രീമഹാദേവന് ശംഖാഭിഷേകം, പാലഭിഷേകം. വൈകിട്ട് 6 മണി മുതൽ ശിവരാത്രി പ്രമാണിച്ച് സദ്ഗുരുവിന്റെ ഈശാ ആദിയോഗി സന്നിധിയിൽ നിന്നുള്ള പരിപാടികളുടെയും ധ്യാനജപങ്ങളുടെയും തൽസമയ സംപ്രേക്ഷണം.ഒപ്പം 'സദ്ഗുരു പൂജ ചെയ്ത രുദ്രാക്ഷവും പ്രസാദമായി വിതരണം ചെയ്യും. രാത്രി ഒമ്പതു മുതൽ 5001 കുടം ധാര, തുടർന്ന് ഏകാദശദ്രവ്യ രുദ്രാഭിഷേകം രാത്രി 12 ന് ഭസ്മാഭിഷേകം.

## ശരണ്യ സ്വയം തൊഴിൽ പദ്ധതി: 152 അപേക്ഷകൾക്ക് പ്രാഥമിക അംഗീകാരം

**ആലപ്പുഴ:** എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടപ്പിലാക്കി വരുന്ന അശരണരായ സ്ത്രീകൾക്ക് വേണ്ടിയുള്ള ശരണ്യ സ്വയം തൊഴിൽ പദ്ധതിയുടെ ആലപ്പുഴ ജില്ലാതല കമ്മിറ്റി 152 അപേക്ഷകൾക്ക് പ്രാഥമിക അംഗീകാരം നൽകി.

എ. ഡി.എം ആശാ സി എബ്രഹാമിന്റെ അധ്യക്ഷതയിൽ കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന കമ്മിറ്റിയാണ് അംഗീകാരം നൽകിയത്. ആകെ ലഭിച്ച 204 അപേക്ഷകളിൽ ഹാജരായവരുടെ അപേക്ഷകൾ പരിഗണിച്ചാണ് പ്രാഥമിക അംഗീകാരം നൽകിയത്.

ജില്ലാ എംപ്ലോയ്മെന്റ് ഓഫിസർ കെ എം മാത്യൂസ്, എംപ്ലോയ്മെന്റ് ഓഫീസർ (സ്വയം തൊഴിൽ) മഞ്ജു വി നായർ, അസി ഇൻഡസ്ട്രീസ് ഓഫിസർ എം ദീപ, അസി. ഇൻഫർമേഷൻ ഓഫീസർ പി എസ് സജിമോൻ, കുടുംബശ്രീ പ്രോഗ്രാം മാനേജർ ശ്രീപ്രഭ, ഒമിനി എന്നിവർ പങ്കെടുത്തു.

വിധവകൾ, വിവാഹമോചിതർ, ഉപേക്ഷിക്കപ്പെട്ടവർ, 30 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾ, പട്ടികവർഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാർ, കിടപ്പുരോഗികളുടെ ഭാര്യമാർ എന്നിങ്ങനെ സംസ്ഥാനത്തെ ഏറ്റവും പിന്നാക്കം നിൽക്കുന്നതും ഒറ്റപ്പെട്ടതുമായ സ്ത്രീകളുടെ ഉന്നമനത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് ശരണ്യ. ഈ വിഭാഗത്തിലുള്ളവരുമാനം രണ്ട് ലക്ഷം രൂപയിൽ താഴെയുള്ള പ്രായപരിധി 18 നും 55 നും ഇടയിലുള്ള വനിതകൾക്കാണ് ഈ പദ്ധതിയിലേക്ക് അപേക്ഷിക്കാവുന്നത്. ഇത് പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 50,000 രൂപ വരെ പലിശരഹിത വായ്പ നൽകും. ഇതിൽ 50% സർക്കാർ സബ്സിഡിയായിയാണ്. ബാക്കി തുക അഞ്ച് വർഷം കൊണ്ട് തിരിച്ചടച്ചാൽ മതി.

## മരട് നഗരസഭയിൽ ഹോട്ടലുകളിൽ പരിശോധന

**കൊച്ചി:** മരട് നഗരസഭയിലെ വിവിധ ഹോട്ടലുകളിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പരിശോധന ശക്തമാക്കി. ഹോട്ടലുകൾ വൃത്തിഹീനമായ സാഹചര്യത്തിലാണോ പ്രവർത്തനം, ഗുണനിലവാരം തുടങ്ങിയവ കണ്ടെത്തുന്നതിനാണ് പരിശോധന നടത്തിയത്.

മരട് കൊട്ടാരം ഭാഗത്ത് എട്ട് ഹോട്ടലുകളിൽ പരിശോധന നടത്തി. ഒരു ഹോട്ടലിൽ നിന്ന് പഴകിയ ഭക്ഷണം പിടിച്ചെടുത്തു. 10000 രൂപ പിഴയിടാക്കി.ക്ലീൻ സിറ്റി മാനേജർ പ്രേംചന്ദ്, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാരായ ഹുസൈൻ, എ എസ് അനീസ്, വിനു മോഹൻ, കെ ആർ ഹനീസ്, അബ്ദുൽ സത്താർ എന്നിവരുടെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്.

## ജോലി ഒഴിവ്

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഡയറ്റീഷ്യൻ തസ്തികയിലേക്ക് 925 രൂപ ദിവസ വേതനാടിസ്ഥാനത്തിൽ ആശുപത്രി വികസന സൊസൈറ്റിയുടെ കീഴിൽ താത്കാലിക നിയമനം നടത്തുന്നു. യോഗ്യത: പ്ലസ് ടു , ബി.എസ്.സി, എം എസ്.സി ഇൻ ഫുഡ് ആന്റ് ന്യൂട്രീഷ്യൻ/ക്ലിനിക്കൽ ന്യൂട്രിഷ്യൻ ആന്റ് ഡയറ്ററ്റിക്സ്/ഫാമിലി ആന്റ് കമ്മ്യൂണിറ്റി സയൻസ്. താത്പര്യമുള്ളവർക്ക് യോഗ്യത, വയസ്, പ്രവൃത്തി പരിചയം തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റും, പകർപ്പും സഹിതം മാർച്ച് മൂന്നിന് എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ കൺട്രോൾ റൂമിൽ നടക്കുന്ന എഴുത്തു പരീക്ഷയിലും ഇന്റർവ്യൂവിലും പങ്കെടുക്കാം. പ്രായപരിധി 1836. രജിസ്ട്രേഷൻ അന്നേ ദിവസം രാവിലെ 10 മുതൽ 10.30 വരെ മാത്രമായിരിക്കും. ഫോൺ:0484 2754000.

## ലേലം

**കൊച്ചി:** ജില്ലയിൽ പെരിയാറിൽ പുറപ്പിള്ളിക്കാവ് റെഗുലേറ്റർ കം ബ്രിഡ്ജിന് മുകൾ ഭാഗത്ത് നിന്നും ഡിസിൽറ്റേഷൻ പ്രവൃത്തിയിലൂടെ സംഭരിച്ച് യാർഡിൽ സൂക്ഷിച്ചിട്ടുള്ള സെഡിമെന്റ്സ് ഫെബ്രുവരി 28 ന് രാവിലെ 11ന് ജലസേചന വകുപ്പിലെ എല്ലാ ലേല നിബന്ധനകളും അനുസരിച്ച് പരസ്യമായി ലേലം ചെയ്യുന്നു. ഫോൺ: 04842422230.

# കൂടുതൽ സ്ത്രീകൾ തൊഴിൽദാതാക്കളായി മാറേണ്ടത് അനിവാര്യം : മന്ത്രി വീണാ ജോർജ്

**ആലപ്പുഴ:** തൊഴിൽ ചെയ്യുക മാത്രമല്ല കൂടുതൽ സ്ത്രീകൾ തൊഴിൽ ദാതാക്കളായി മാറേണ്ടതുണ്ടെന്ന് ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ്. സ്ത്രീ സംരംഭകർക്ക് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. വനിതാ വികസന കോർപറേഷന്റെ ആഭിമുഖ്യത്തിൽ സ്ത്രീ സംരംഭകരെ സൃഷ്ടിക്കാനായി വലിയ പ്രയത്നമാണ് നടത്തി വരുന്നത്. രണ്ട് ലക്ഷത്തിൽപ്പരം ആളുകൾക്ക് പ്രത്യക്ഷമായും പരോക്ഷമായും വനിതാ വികസന കോർപ്പറേഷന്റെ സാമ്പത്തിക പിന്തുണയിലൂടെ തൊഴിൽ നൽകാൻ കഴിയുന്നുണ്ട് എന്നുള്ളത് വളരെ അഭിമാനകരമായ കാര്യമാണെന്ന് മന്ത്രി പറഞ്ഞു. അതിന് വനിതാ വികസന കോർപ്പറേഷൻ പ്രത്യേക അഭിനന്ദനമർഹിക്കുന്നു. ലോൺ കൊടുക്കുക മാത്രമല്ല നിയമ അവബോധവും സാങ്കേതികമായ പിന്തുണയുമുൾപ്പെടെ പ്രോജക്ടുകൾ നന്നായി നടപ്പിലാക്കുന്നതിന് വേണ്ടുന്ന എല്ലാ പിന്തുണയും സ്ത്രീ സംരംഭകർക്ക് വനിതാ വികസന കോർപ്പറേഷൻ നൽകി വരുന്നുണ്ട് എന്നുള്ളത് ശ്രദ്ധേയമാണെന്ന് മന്ത്രി പറഞ്ഞു. 'എസ്കലേ 2025' പ്രദർശന വിപണന മേള ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

സംരംഭകരായ വനിതകൾക്ക് വിപണി കണ്ടെത്താൻ സഹായിക്കുകയാണ് 'എസ്കലേ2025' ന്റെ ലക്ഷ്യം. കേരളത്തിൽ ഉൾനാടൻ ഗ്രാമങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് മികച്ച മാർക്കറ്റിംഗിന് അവസരം ഒരുക്കുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു. ഇടപ്പഴഞ്ഞി ആർ.ഡി.ആർ ഓഡിറ്റോറിയത്തിൽ ഫെബ്രുവരി 25 മുതൽ മാർച്ച് 3 വരെയാണ് മേള സംഘടിപ്പിക്കുന്നത്. 'ശാക്തീകരണത്തിലേക്ക്, ആനന്ദത്തിലേക്ക്, പാതി ആകാശത്തിലേക്ക്' എന്നതാണ് ഇത്തവണത്തെ മുദ്രാവാക്യം.

ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ പെൺകുട്ടികളാണ്. 70 ശതമാനത്തിന് മുകളിലാണ് പെൺകുട്ടികൾ ഉന്നത വിദ്യാഭ്യാസ രംഗത്തുള്ളത്. പല തൊഴിൽ സ്ഥാപനങ്ങളിലും സ്ത്രീകളാണ് കൂടുതൽ. ആരോഗ്യ രംഗത്തും 70 ശതമാനത്തിലധികം സ്ത്രീകളാണ്. തൊഴിൽ ചെയ്യുന്ന സ്ത്രീകൾ കേരളത്തിൽ കൂടുതലാണ്. എങ്കിലും വിദ്യാഭ്യാസം നേടുന്ന സ്ത്രീകളുടെയും തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെയും സംഖ്യയിൽ വലിയ അന്തരമുണ്ടെന്ന് മന്ത്രി പറഞ്ഞു. ഐടി മേഖലയിലുൾപ്പെടെ പലപ്പോഴും സ്ത്രീകൾ കൊഴിഞ്ഞു പോകുന്ന അവസ്ഥയുമുണ്ട്. ഇതെല്ലാം പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുവെന്നും മന്ത്രി കൂട്ടിച്ചേർത്തു.

വനിത വികസന കോർപറേഷന്റെ ആഭിമുഖ്യത്തിൽ വലിയ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ഈ സർക്കാരിന്റെ കാലത്ത് കോർപ്പറേഷൻ വായ്പാ വിതരണത്തിൽ റെക്കോർഡ് നേട്ടമാണ് കൈവരിച്ചിരിക്കുന്നത്. ലാഭത്തിൽ പ്രവർത്തിക്കുന്ന കോർപ്പറേഷൻ 202122 മുതൽ ലാഭം വിഹിതം സർക്കാരിന് നൽകി വരുന്നു. എൻ എം ഡി എഫ് സിയുടെ ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച ചാനലൈസിംഗ് ഏജൻസിക്കുള്ള പുരസ്കാരം തുടർച്ചയായി രണ്ട് വർഷം നേടി, പ്രവർത്തന മികവിന് എൻ എസ് എഫ് ഡി സി, എൻ ബി സി എഫ് ഡി സി എന്നിവയുടെ അംഗീകാരങ്ങളും സ്ഥാപനം നേടിയിട്ടുണ്ട്.

സ്ത്രീ സുരക്ഷയ്ക്കായി '181' വനിതാ ഹെൽപ് ലൈൻ, ആർത്തവ ശുചിത്വ ബോധവത്കരണത്തിനായി ഷീപാഡ് പദ്ധതി, ആദിവാസി വനിതകളുടെ ശാക്തീകരണ ലക്ഷ്യമിട്ടുള്ള വനമിത്ര, സ്ത്രീകളുടെയും പെൺകുട്ടികളുടെയും നേതൃശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള ഫ്യൂച്ചർ വിമൻ ഗ്രൂമിങ് പ്രോഗ്രാംപ്രതിഭ തുടങ്ങിയ പദ്ധതികളും വനിതാ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ നടത്തി വരുന്നതായും മന്ത്രി വ്യക്തമാക്കി.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നൂറോളം വനിതാ സംരംഭകർ 'എസ്കലേ 2025' മേളയിൽ പങ്കെടുക്കും. തമിഴ്നാട്, കർണാടക, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള സംരംഭകരുടെ ഉൽപ്പന്നങ്ങളും വിൽപ്പനയ്ക്കുണ്ടാകും. തനത് ഉൽപ്പന്നങ്ങളാണ് മേളയിലുണ്ടാകുക. സെമിനാറുകൾ, ഇന്നോവേറ്റേഴ്സ് ഫോറം, പാനൽ ചർച്ചകൾ എന്നിവയും എസ്കലേയുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. ഭക്ഷ്യമേളയും സാംസ്കാരിക പരിപാടികളും മേളയുടെ ഭാഗമായുണ്ട്.

ടെക്നോളജി, ഭക്ഷ്യോൽപന്നങ്ങൾ, റീട്ടെയ്ൽ, കൃഷി, കരകൗശല വസ്തുക്കൾ, കൈത്തറി, ഫാഷൻ തുടങ്ങി വിവിധ മേഖലകളിൽ നിന്നുള്ള ഉൽപ്പന്നങ്ങളും സേവനങ്ങളുമാണ് മേളയിലുണ്ടാകുക. പുതിയ വിപണി സാധ്യതകളും അവസരങ്ങളും സംരംഭകർക്ക് മുന്നിൽ തുറന്നിടുന്നതിനും ലക്ഷ്യമിട്ടുള്ള സെമിനാറുകളും ചർച്ചകളും നടക്കും.

കാൻസർ സ്ക്രീനിംഗ് ക്യാമ്പും എസ്കലേയിലുണ്ടാകും. സംസ്ഥാന ആരോഗ്യവകുപ്പ് മുപ്പത് വയസ്സിന് മുകളിലുള്ളവർക്കായി നടത്തുന്ന കാൻസർ പ്രതിരോധ ജനകീയ കാമ്പയിനായ 'ആരോഗ്യം ആനന്ദംഅകറ്റാം അർബുദം' എന്ന കാമ്പയിനിന്റെ ഭാഗമായാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്, എല്ലാ ദിവസവും ക്യാമ്പ് പ്രവർത്തിക്കും. സ്ക്രീനിംഗ് സൗജന്യമാണ്. സർക്കാർസ്വകാര്യ മേഖലകളുടെ സഹകരണത്തോടെയാണ് കോർപ്പറേഷൻ ക്യാമ്പ് സംഘടിപ്പിക്കുന്നത്. സ്തനാർബുദം, സെർവിക്കൽ കാൻസർ എന്നിവയുടെ സ്ക്രീനിംഗ് നടത്തി ചികിത്സ ഉറപ്പാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

വനിത വികസന കോർപറേഷൻ ചെയർപേഴ്സൺ കെ.സി. റോസക്കുട്ടി അധ്യക്ഷത വഹിച്ച ചടങ്ങിൽ മാനേജിംഗ് ഡയറക്ടർ ബിന്ദു വി.സി. സ്വാഗതം ആശംസിച്ചു. വനിത ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ശർമ്മിള മേരി ജോസഫ് ആമുഖ പ്രഭാഷണം നടത്തി. കാനറ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ ബാലാജി റാവു, ഐഡിബിഐ ബാങ്ക് ജനറൽ മാനേജർ ഷിജു വർഗീസ്, നബാർഡ് പ്രതിനിധി അനുദീപ് എന്നിവർ മുഖ്യാതിഥികളായി. പ്ലാനിംഗ് ബോർഡ് മെമ്പർ മിനി സുകുമാർ, വനിത വികസന വകുപ്പ് ഡയറക്ടർമാരായ ഗ്രേസ് എംഡി, ആർ ഗിരിജ, പെണ്ണമ്മ ജോസഫ്, എച്ച് (ഇ&എ) സുരേന്ദ്രൻ ബി എന്നിവർ പങ്കെടുത്തു.

# മഹാരാജാസ് കോളേജിന്റെ ഓട്ടോണമസ് പദവി നീട്ടി നൽകി




**കൊച്ചി:** മഹാരാജാസ് കോളേജിന്റെ ഓട്ടോണമസ് പദവി 2029 30 വരെയുള്ള കാലത്തേക്ക് നീട്ടിനൽകി യു ജി സി ഉത്തരവിറക്കിയതായി മന്ത്രി ബിന്ദു അറിയിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമാനതകളില്ലാത്ത കലാലയമാണ് മഹാരാജാസ്. ഓട്ടോണമസ് പദവിയ്ക്കായി യുജിസി നിഷ്കർഷിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഓട്ടോണമസ് പദവി നീട്ടി നൽകിയത്. 2030 മാർച്ച് വരെയുള്ള ഓട്ടോണമസ് പദവി അംഗീകാരമാണ് ലഭിച്ചിട്ടുള്ളത്. യുജിസി ഓട്ടോണോമസ് പദവി നീട്ടി നൽകിയ സാഹചര്യത്തിൽ മഹാരാജാസ് കലാലയത്തിനു എല്ലാവിധ ആശംസകളും നേരുന്നതായി മന്ത്രി പറഞ്ഞു.

സംസ്ഥാന സർക്കാർ ഒട്ടനവധി വികസന പ്രവർത്തനങ്ങൾ മഹാരാജാസ് കോളേജിൽ നടപ്പിലാക്കിയിട്ടുണ്ട്. 10 കോടി ചെലവിട്ട് പുതിയ അക്കാദമിക്ക് ബ്ലോക്ക്, 9 കോടിയുടെ ലൈബ്രറി ബിൽഡിങ്, ഓഡിറ്റോറിയം, സെമിനാർ ഹാൾ, സ്റ്റാഫ് ഹോസ്റ്റൽ നവീകരണം എന്നിവ ഉൾപ്പെടുന്ന 15 കോടിയുടെ പാക്കേജ്, 10 കോടി രൂപയുടെ പുതിയ വനിതാ ഹോസ്റ്റൽ, ബോയ്സ് ഹോസ്റ്റൽ മെസ്സ് ഹാൾ നവീകരണം എന്നിവയ്ക്ക് 1 കോടി 30 ലക്ഷം, 9 കോടി 53 ലക്ഷം ചെലവ് വരുന്ന സിന്തറ്റിക്ക് ഹോക്കി ടർഫ്, 7 കോടിയുടെ സിന്തറ്റിക്ക് ട്രാക്ക് തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതായി മന്ത്രി പറഞ്ഞു. എൻ ഐ ആർ എഫ് റാങ്കിങ്ങിൽ രാജ്യത്തെ ഏറ്റവും മികച്ച കോളേജുകളുടെ പട്ടികയിൽ 53 ആം സ്ഥാനത്താണ് മഹാരാജാസ് കോളേജ്. കെ ഐ ആർ എഫ് റാങ്കിങ്ങിൽ നിലവിൽ 10- ാം സ്ഥാനവും മഹാരാജാസ് കോളേജിനുണ്ടെന്ന് മന്ത്രി പറഞ്ഞു.



# അന്താരാഷ്ട്ര സുഗന്ധവ്യഞ്ജന സമ്മേളനത്തിന് തുടക്കം

**ബെംഗളൂരു:** ഓൾ ഇന്ത്യ സ്പൈസസ് എക്സ്പോർട്ടേഴ്സ് ഫോറം സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സുഗന്ധവ്യഞ്ജന സമ്മേളനം (ഐ. എസ്. സി 2025) ബെംഗളൂരുവിലെ ലീല ഭാരതീയ സിറ്റിയിൽ ആരംഭിച്ചു.ഭാരത് ബയോടെക് ഇന്റർനാഷണൽ ലിമിറ്റഡിന്റെ എക്സിക്യൂട്ടീവ് ചെയർമാൻ ഡോ. കൃഷ്ണ എം. എല്ല സമ്മേളനം ഉദ്ഘാടനം ചെയ്തു.

സുസ്ഥിരവും ഉയർന്ന ഗുണനിലവാരമുള്ളതുമായ സുഗന്ധവ്യഞ്ജന വ്യവസായം സൃഷ്ടിക്കുന്നതിനായി ഗവേഷക വ്യവസായ ഗുണനിയന്ത്രണ സ്ഥാപനങ്ങൾ യോജിച്ച് പ്രവർത്തിക്കണമെന്ന് അദ്ദേഹം പറഞ്ഞു സുഗന്ധവ്യഞ്ജനങ്ങളുടെ ഔഷധ മൂല്യം കൂടി വിലയിരുത്തി അവയെ മരുന്നുകളെപ്പോലെ പരിഗണിക്കാൻ അദ്ദേഹം വ്യവസായികളോട് ആവശ്യപ്പെട്ടു.വിത്ത് വികസനം, കീടനാശിനി കുറയ്ക്കുന്നതിനുള്ള നാനോ ടെക്നോളജി, സസ്യ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിന് ബയോസ്റ്റിമുലന്റുകൾ എന്നിവയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും ഡോ. കൃഷ്ണ എം. എല്ല പറഞ്ഞു.ആഗോള സുഗന്ധവ്യഞ്ജന വ്യാപാരത്തിൽ ചരിത്രപരമായി പ്രധാന പങ്കാളിയായ ഇന്ത്യ ഇന്ന് ആഗോള വിപണിയുടെ 25% വിഹിതം നിലനിർത്തുന്നുണ്ടെന്ന് സ്പൈസസ് ബോർഡ് ഇന്ത്യയുടെ സെക്രട്ടറി പി. ഹേമലത പറഞ്ഞു.2024 ൽ 24 ബില്യൺ യുഎസ് ഡോളറായി വിലമതിക്കുന്ന ഇന്ത്യൻ സുഗന്ധവ്യഞ്ജന വിപണി 2033 ഓടെ 61 ബില്യൺ യുഎസ് ഡോളറിലെത്തുമെന്നും 10.56% വാർഷിക വാർഷിക വളർച്ച കൈവരിക്കുമെന്നും പ്രതീക്ഷിക്കുന്നതായി എ.ഐ.എസ്. ഇ എഫ് ചെയർമാൻ ഇമ്മാനുവൽ നമ്പുശ്ശേരിൽ പറഞ്ഞു.അഭിനവ് ബിന്ദ്ര, കൊച്ചിൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി പ്രസിഡന്റ് എസ്.പി. കാമത്ത്,ഐഎസ്സി 2025 ബിസിനസ് കമ്മിറ്റി ചെയർമാനും എഐഎസ്ഇഎഫ് വൈസ് ചെയർമാനുമായ മിസ്റ്റർ നിഷേഷ് ഷാ എന്നിവർ സംസാരിച്ചു.ആഗോള സുഗന്ധവ്യഞ്ജന വ്യവസായത്തിന് നൽകിയ സമഗ്ര സംഭാവനകൾക്കുള്ള ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ഉദ്ഘാടന സെഷനിൽ മാനെ ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ സി.ഇ.ഒ ജീൻ മാനെയ്ക്ക് നൽകി ചടങ്ങിൽ ആദരിച്ചു. ആഗോള സുഗന്ധവ്യഞ്ജന വ്യാപാരത്തിലെ സത്യവും മിഥ്യയും എന്ന വിഷയത്തിൽ ആദ്യ ദിവസം ചർച്ച നടന്നു. ഐഎസ്സി എക്സ്പോ 2025 ഉം ഉദ്ഘാടനം ചെയ്യപ്പെട്ടു.



# ഇവോൾവ് എഡിഷൻ സംഘടിപ്പിച്ച് ആക്സിസ് ബാങ്ക്

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ സ്വകാര്യ ബാങ്കുകളിലൊന്നായ ആക്സിസ് ബാങ്ക് മൈക്രോ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കായുള്ള (എംഎസ്എംഇ) സെമിനാറായ ഇവോൾവിൻറെ 9ാമത്തെ പതിപ്പ് കൊച്ചിയിൽ സംഘടിപ്പിച്ചു. 'പുതിയ കാലത്തിൻറെ ബിസിനസിനായി എംഎസ്എംഇകളെ ഭാവിയിലേക്ക് സജ്ജമാക്കുക' എന്നതായിരുന്നു വിഷയം.ആക്സിസ് ബാങ്ക് ബ്രാഞ്ച് ബാങ്കിങ് കേരള സർക്കിൾ മേധാവി എസ്. ബിന്ദിഷ്,ആക്സിസ് ബാങ്ക് കൊമേഴ്സ്യൽ ബാങ്കിങ് ഗ്രൂപ്പ് എസ്ഇജി ബിസിനസ് മേധാവി രാതുൽ മുഖോപാധ്യായ്, ആക്സിസ് ബാങ്ക് ട്രഷറി മാർക്കറ്റ് സെയിൽസ് സൗത്ത് റീജിയണൽ മേധാവി ദീപക് സെന്തിൽകുമാർ എന്നിവർ സെമിനാറിൽ സംസാരിച്ചു.ആക്സിസ് ബാങ്ക് ഡെപ്പോസിറ്റ്സ് & ലയബിലിറ്റീസ് മേധാവി രാജേന്ദ്ര ജയ്കുമാർ മോഡറേറ്റ് ചെയ്ത പാനൽ ചർച്ചയിൽ ടിപിഎഫ് ഭാരത് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറും ടോളിൻസ് ലിമിറ്റഡ് ഡയറക്ടറുമായ ക്രിസ് ടോളിൻ, അഗപ്പെ ഡയഗ്നോസ്റ്റിക് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ തോമസ് ജോൺ, ഷെറിൽ എൻറർപ്രൈസസ് മാനേജിംഗ് ഡയറക്ടർ അക്ഷിത് തോമസ് ജോസഫ് എന്നിവർ പങ്കെടുത്തു. എംഎസ്എംഇ മേഖലയുമായി ബന്ധപ്പെട്ട വിലപ്പെട്ട ഉൾക്കാഴ്ചകൾ അവർ പങ്കുവെച്ചു. ചെറുകിട, ഇടത്തരം സംരംഭങ്ങളിൽ നിന്നുള്ള 100ൽ പരം സംരംഭകർ പരിപാടിയിൽ പങ്കെടുത്തു.




# വർമ്മ ഫൈക്കസ് സാമ്പിൾ അപ്പാർട്ട്മെന്റ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** വർമ്മ ഹോംസിന്റെ കൊച്ചി പാലാരിവട്ടത്തുള്ള വർമ്മ ഫൈക്കസിലെ സാമ്പിൾ അപ്പാർട്ട്മെന്റിന്റെ ഉദ്ഘാടനം വർമ്മ ഹോംസ് ഡയറക്ടർ ഡോ. മിനി വർമ്മ നിർവഹിച്ചു. ജനറൽ മാനേജർ പ്രൊജക്ട്സ് ബിന്ദു നൈനാൻ, കസ്റ്റമർ കെയർ സീനിയർ മാനേജർ അഞ്ജലി ഹരീഷ്, പ്ലാനിംഗ് മാനേജർ ആരതി വർമ്മ തുടങ്ങിയവർ പങ്കെടുത്തു.



# റോബോട്ടിക് ആനയെ പുറത്തിറക്കി വിഎഫ്എഐ

**തൃശൂർ:** ബന്ദികളാക്കപ്പെട്ട ആനകളുടെ ക്ഷേമവും കേരളത്തിലെ പൊതുജനങ്ങളുടെ സുരക്ഷയും മുൻനിർത്തി, വോയ്സ് ഫോർ എലിഫന്റ്സ് (വിഎഫ്എഇ), ജീവനുള്ള ആനയുടെ അതേ വലിപ്പമുള്ള റോബോട്ടിക് ആനയെ പുറത്തിറക്കി. തൃശൂർ മാളയ്ക്കടുത്തുള്ള ചക്കാംപറമ്പ് ശ്രീ ഭഗവതി ക്ഷേത്രത്തിലാണ് ശിവശക്തി എന്ന് പേരിട്ട റോബോട്ടിക് ആനയെ നൽകിയത്.

പത്ത് അടി ഉയരവും 600 കിലോ ഭാരവുമുള്ള ശിവശക്തി, ഫൈബറും റബറും കൊണ്ട് നിർമ്മിച്ചതാണ്. അതിന്റെ കണ്ണുകളും കാതുകളും വാലും തുമ്പിക്കൈയും വൈദ്യുതിയാലാണ് ചലിക്കുന്നത്. ക്ഷേത്ര ചടങ്ങുകൾക്ക് തടസം വരാത്തവിധം നാലാളുകളെ വരെ വഹിക്കാനാകും. ചാലക്കുടിയിലുള്ള ഫോർ ഹാർട്സ് ക്രിയേഷൻസ് ആണ് ശിവശക്തിയെ നിർമ്മിച്ചിരിക്കുന്നത്.

കേരളതമിഴ്നാട് അതിർത്തിയിലുള്ള മലയാളി ക്ഷേത്രമായ ശ്രീ ശങ്കരൻ കോവിലിൽ തമിഴ്നാട്ടിലെ ആദ്യത്തെ റോബോട്ടിക് ആനയെ അവതരിപ്പിച്ച് വിജയിച്ചതിനെ തുടർന്നാണ് വിഎഫ്എഇ മാളയിലും റോബോട്ടിക് ആനയെ പുറത്തിറക്കിയത്.വിഎഫ്എഇയെ പ്രതിനിധീകരിച്ച് തൃശൂർ ഹെറിറ്റേജ് ആനിമൽ ടാസ്ക് ഫോഴ്സ് സെക്രട്ടറി വി.കെ വെങ്കിടാചലം ചടങ്ങിൽ പങ്കെടുത്തു.

# ശിവരാത്രി: കൊച്ചി മെട്രോ സർവീസ് സമയം വർധിപ്പിച്ചു

**കൊച്ചി:** ആലുവ മഹാദേവ ക്ഷേത്രത്തിലെ ശിവരാത്രി ആഘോഷത്തൊടനുബന്ധിച്ച് കൊച്ചി മെട്രോ സർവീസ് സമയം ദീർഘിപ്പിച്ചു. 26 ന് ബുധനാഴ്ച തൃപ്പൂണിത്തുറയിൽ നിന്നുള്ള സർവീസ് രാത്രി 11.30 വരെയുണ്ടാകും.

27 ന് വ്യാഴാഴ്ച ആലുവയിൽ നിന്നുള്ള സർവീസ് വെളുപ്പിന് 4.30 ന് ആരംഭിക്കും. തുടർന്ന് രാവിലെ ആറ് മണിവരെ അരമണിക്കൂർ ഇടവിട്ടും പിന്നീട് സാധാരണ നിലയ്ക്കും ആലുവയിൽ നിന്ന് സർവ്വീസ് ഉണ്ടായിരിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ഡബിൾ ഹോഴ്സ് ഐപിഎം വടിമട്ട അരി വിപണയിൽ ഇറക്കി

**കൊച്ചി:** ഡബിൾ ഹോഴ്സ് ഗോൾഡൻ ഗെറ്റ്എവേ ക്യാംപെയ്ൻ സീസൺ രണ്ടിന്റെ സമാപനവും ഐപിഎം വടിമട്ട അരിയുടെ വിപണിയിൽ ഇറക്കലും താജ് വിവാന്റയിൽ നടന്നു. ആദ്യ സീസണിന്റെ വിജയത്തെത്തുടർന്നാണ് ഗോൾഡൻ ഗെറ്റ് എവേ സീസൺ രണ്ട്' ക്യാംപെയ്ൻ ആരംഭിച്ചത്. പുട്ടുപൊടി, അപ്പം ഇടിയപ്പം പത്തിരി പൊടി, റവ, ശർക്കര, ഈസി പാലപ്പം, ഈസി ഇടിയപ്പം, ഈസി പത്തിരി പൊടി, ഇൻസ്റ്റന്റ് ഇടിയപ്പം തുടങ്ങിയ ഉൽപ്പന്നങ്ങളിലാണ് ഓഫർ അവതരിപ്പിച്ചത്. ഓഫറിന്റെ ഭാഗമായി മാരുതി സ്വിഫ്റ്റ് കാർ, സിംഗപ്പൂർ യാത്ര, സ്വർണ്ണ നാണയങ്ങൾ, എസികൾ, റഫ്രിജറേറ്ററുകൾ തുടങ്ങിയ പ്രതിവാര സമ്മാനങ്ങൾ ഏർപ്പെടുത്തിയിരുന്നു. കൂടാതെ, ഡബിൾ ഹോഴ്സ് ഗോൾഡൻ ഗെറ്റ്എവേ ഉൽപ്പന്നങ്ങളുടെ ഓരോ പർച്ചേസിനും 10 രൂപ മുതൽ 100 രൂപ വരെ ഉറപ്പായ ക്യാഷ്ബാക്ക് നൽകുകയും ചെയ്തു. എറണാകുളം സ്വദേശികളായ സന്ധ്യ കലാധരൻ മാരുതി സ്വിഫ്റ്റ് കാർ സമ്മാനം നേടിയപ്പോൾ വിനീഷിനു സിംഗപ്പൂർ യാത്രയാണ് ലഭിച്ചത്.ഡബിൾ ഹോഴ്സ് പോർട്ട്ഫോളിയോയുടെ പ്രീമിയം ബ്രാൻഡായ ഐപിഎം വടിമട്ട അരിയുടെ വിപണിയിലറക്കലും ചടങ്ങിൽ നടന്നു. 50 ശതമാനം തവിട് നിലനിർത്തുന്ന വടിമട്ട അരി 371 ഗുണനിലവാര പരിശോധനകൾ നടത്തിയാണ് വിപണിയിലെത്തിക്കുന്നതെന്ന് കമ്പനി അറിയിച്ചു. ഡബിൾ ഹോഴ്സ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വിനോദ് മഞ്ഞിലയും ഡബിൾ ഹോഴ്സ് ബ്രാൻഡ് അംബാസഡർ നടി മംമ്ത മോഹൻദാസും ചേർന്നാണ് ഉൽപ്പന്നം ഔദ്യോഗികമായി പുറത്തിറക്കിയത്.നൂതനവും ഉയർന്ന നിലവാരമുള്ളതുമായ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചുകൊണ്ട് ഉപഭോക്താക്കളുമായുള്ള സുദൃഢമായ ബന്ധം കാത്തുസൂക്ഷിക്കാൻ ഡബിൾ ഹോഴ്സ് എല്ലാക്കാലത്തും പ്രതിജ്ഞാബദ്ധമാണെന്ന് വിനോദ് മഞ്ഞില പറഞ്ഞു.

# 25 വർഷം പിന്നിട്ട് ഗ്രോമാക്സ് അഗ്രി എക്യുപ്മെൻറ്

**കൊച്ചി:** മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡും ഗുജറാത്ത് സർക്കാരും സംയുക്ത സംരംഭമായ ഗ്രോമാക്സ് അഗ്രി എക്യുപ്മെൻറ് ലിമിറ്റഡ് (മുമ്പ് മഹീന്ദ്ര ഗുജറാത്ത് ട്രാക്ടർ ലിമിറ്റഡ്) അതിൻറെ 25ാം വാർഷികം ആഘോഷിക്കുന്നു.

കമ്പനിയുടെ 25ാം വാർഷികത്തോടനുബന്ധിച്ച് ഗ്രോമാക്സ് പുതിയ 4 ഡബ്ല്യുഡി ട്രാക്ടർ മോഡലുകളായ ട്രാക്സ്റ്റാർ 525, ട്രാക്സ്റ്റാർ 536 എന്നിവ പുറത്തിറക്കി. കാർഷിക വിഭാഗത്തിൻറെ പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി 24 എച്ച്പി, 31 എച്ച്പി, 36 എച്ച്പി വിഭാഗങ്ങളിൽ പുതിയ 2ഡബ്ല്യുഡി ട്രാക്ടർ വേരിയൻറുകൾ പുറത്തിറക്കി.. യുവ കർഷകരെ ആകർഷിക്കുന്നതിനും വൈവിധ്യമാർന്നതുമായ, കാവി, കറുപ്പ് നിറങ്ങളിലുള്ള ട്രാക്ടറുകളും ഗ്രോമാക്സ് അവതരിപ്പിച്ചു.25 വർഷത്തെ ഗ്രോമാക്സിൻറെ ശ്രദ്ധേയമായ യാത്രയിൽ അഭിമാനിക്കുന്നതോടൊപ്പം തങ്ങളുടെ ഉപഭോക്താക്കൾക്കും, പങ്കാളികൾക്കും, ഗുജറാത്ത് സർക്കാരിനും, പിന്തുണ നൽകിയ തങ്ങളുടെ ജീവനക്കാർക്കും ആത്മാർത്ഥമായ നന്ദി അറിയിക്കുന്നുവെന്ന് മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് ഫാം എക്യുപ്മെൻറ് സെക്ടർ പ്രസിഡൻറ് ഹേമന്ത് സിക്ക പറഞ്ഞു.

# എൽസിസി പ്രൊജക്റ്റ്സ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** എഞ്ചിനീയറിംഗ്, സംഭരണ, നിർമ്മാണ (ഇപിസി) കമ്പനിയായ എൽസിസി പ്രൊജക്റ്റ്സ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടു രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.

320 കോടിയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 2.29 കോടി ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.പുതിയ ഓഹരികളിലൂടെ സമാഹരിക്കുന്ന തുക കമ്പനിയുടെ വായ്പകൾ തിരിച്ചടയ്ക്കുന്നതിനും യന്ത്രങ്ങൾ വാങ്ങുന്നതിനും പൊതു കോർപ്പറേറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കും. മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെൻറ് അഡൈ്വസേഴ്സിനെ ഇഷ്യുവിൻറെ ഏക മർച്ചൻറ് ബാങ്കറായി നിയമിച്ചു.



# ഈസ്റ്റേൺ ഇനി പുതിയ രൂപത്തിലും രുചിയിലും

**കൊച്ചി:** പുതിയ രൂപത്തിലും രുചിയിലും ഉപഭോക്താക്കൾക്ക് പുതിയ അനുഭവം നൽകാനൊരുങ്ങുകയാണ് ഈസ്റ്റേൺ. മാറുന്ന കാലഘട്ടത്തിനനുസരിച്ച് ഉപഭോക്താക്കളുടെ മാറുന്ന ഇഷ്ടങ്ങൾ കൂടി പരിഗണിച്ച്, സ്വയം നവീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ മാറ്റമെന്ന് ഈസ്റ്റേൺ സിഇഒ ഗിരീഷ് നായർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

പുതിയ ലോഗോയും ബ്രാൻഡ് ഐഡന്റിറ്റിയുമായി എത്തുന്ന ഈസ്റ്റേൺ, തങ്ങളുടെ പൈതൃകം കാത്തുസൂക്ഷിച്ച് കൊണ്ടുള്ള ഒരു നവീകരണമാണ് ലക്ഷ്യമിടുന്നത്. സുഗന്ധവ്യഞ്ജനങ്ങളുടെയും മസാലകളുടെയും വിവിധ പാചക വിഭവങ്ങൾ ഒരുക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന ഈസ്റ്റേൺ, പുതിയ ലോഗോയിലും പാക്കേജിംഗിലും നാല് പതിറ്റാണ്ടിന്റെ സത്തയും ആധുനികതയും ഒരുപോലെ ഉൾക്കൊള്ളിച്ചിരിക്കുന്നു.മാറ്റത്തിന്റെ ഭാഗമായി, 'ഫ്ളേവേഴ്സ് ഓഫ് അറേബ്യ' എന്ന പുതിയ ഭക്ഷണ ഉൽപ്പന്ന ശ്രേണിയും ഈസ്റ്റേൺ വിപണിയിൽ ഇറക്കി. മലയാളികളുടെ പ്രിയപ്പെട്ട അറേബ്യൻ വിഭവങ്ങളെ കേരളത്തിന്റെ വീട്ടകങ്ങളിലേക്ക് എത്തിക്കുക എന്നതാണ് ഈ ഉൽപ്പന്നങ്ങളുടെ ലക്ഷ്യം. ഷവർമ മസാല, കബ്സ മസാല എന്നിവയാണ് ആദ്യമായി പുറത്തിറക്കുന്നത്.

50 ഗ്രാമിന് 50 രൂപയാണ് വില. എല്ലാ റീട്ടെയിൽ സ്റ്റോറുകളിലും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും ഉൽപ്പന്നങ്ങൾ ലഭ്യമാകും. മാറ്റങ്ങളെ ഉൾക്കൊണ്ട് കൊണ്ടുള്ള ഒരു പുതിയ മാറ്റത്തിനാണ് ഈസ്റ്റേൺ ശ്രമിക്കുന്നത്. ഇത്രയും വർഷം കൊണ്ടുണ്ടാക്കിയ പാരമ്പര്യത്തെ അതേ പടി നിലനിർത്തിയുള്ള പുതിയ മാറ്റം കൂടുതൽ പേരിലേക്ക് തങ്ങളുടെ സേവനങ്ങൾ എത്തിക്കാൻ സാധിക്കും. ഈ മാറ്റത്തിന് നാന്ദി കുറിച്ച് കൊണ്ട് അറേബ്യൻ വിഭവങ്ങളുടെ പുതിയ ശ്രേണിയായ 'ഫ്ളേവേഴ്സ് ഓഫ് അറേബ്യ' കൂടി ഞങ്ങൾ അവതരിപ്പിക്കുകയാണെന്നും ഗിരീഷ് നായർ പറഞ്ഞു. റെസ്റ്റോറന്റ് ശൈലിയിലുള്ള അറേബ്യൻ രുചികൾ വീട്ടിലെ അടുക്കളകളിലേക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായിട്ടുള്ള 'ഹബീബി, കം ഹോം' കാമ്പെയ്നോടൊപ്പമാണ് പുതിയ ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കിയത്.

